ഖുത്ബ നമ്പർ

42

19-10-2012

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ജുമുഅ ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: അംനാസ് കടലായി



# ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹാബാക്കൾ-2

ഇന്ന് നിങ്ങളെ ഞാൻ വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹാബികളുടെ സദസിലേക്ക് കൊണ്ടു പോകുന്നതാണ്. അവരുടെ നിവേദനങ്ങളും സംഭവങ്ങളും ആണ് ഞാൻ വിവരിച്ച് വരുന്നത്. ഈ നിവേദനങ്ങളൊക്കെയും ഇവരുടെ ഈമാനിന്റെ വിചിത്രമായ രൂപഭാവങ്ങൾ പ്രകടമാക്കുന്നവയാണ്. കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ സദസുകളും ഇവ ചിത്രീകരിക്കുന്നതാണ്.

ഹ: വലായത്ത് ശാഹ് സാഹിബ്, ഇദ്ദേഹം ഹ: ഹുസൈൻ അലി ശാഹ് സാഹിബിന്റെ മകനാണ്, പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)മുമായി കൂടിക്കാഴ്ച്ച നടത്തുവാൻ എനിക്ക് ചുരുക്കം ചില അവസരങ്ങൾ മാത്രമേ ലഭിച്ചിരുന്നുള്ളു. കാരണം എന്റെ തൊഴിലിൽ അവധി വളരെ കുറച്ച് മാത്രമേ ലഭിക്കുമായിരുന്നുള്ളു. ഞാൻ സ്വപ്നാടിസ്ഥാനത്തിലാണ് ബയ്അത്ത് ചെയ്തത്. ഹെഡ്വേഡ്സ് മാത്തുപൂർ അവിടെ നിന്നുമാണ് ഹെഡ്ബാരിദ്വാർ നദി ഒഴുകുന്നത്. പ്രസ്തുത സ്ഥലത്തായിരുന്നു എനിക്ക് നിയമനം ലഭിച്ചിരുന്നത്. സർക്കാർ ക്വോട്ടേഴ്സിന്റെ മുറ്റത്ത് ഞാൻ ഉറങ്ങിക്കിടക്കുകയാണ്. അതിന്റെ മതിലിനു മുകളിലൂടെ ഒരു കൂട്ടം മാന്യജനങ്ങൾ കടന്നു പോകുന്നുണ്ട്. അവരുടെ മുന്നിൽ സുന്ദരരൂപിയും മനോഹര വസ്ത്രധാരിയും കണ്ണഞ്ചിപ്പിക്കുന്ന തിളക്കമാർന്ന കിരീടധാരിയും ആയ ഒരു മഹാത്മാവ് നടക്കുന്നുണ്ടായിരുന്നു. അവർ എന്റെ ക്വോട്ടേഴ്സിന്റെ മട്ടുപ്പാവിലേക്ക് കയറിചെന്നു. ഒരു ജാഥ പോവുകയായിരുന്നു. ഒരു ജനക്കൂട്ടത്തിന്റെയും അതിന്റെ സാരഥിയുടേയും രൂപമാണ് ഇദ്ദേഹം ഇവിടെ വർണിക്കുന്നത്. അവർ മതിലിനു മുകളിലൂടെ കടന്നു പോവുകയായിരുന്നു. കാഹളത്തിലൂടെ ബാങ്ക് വിളിക്കപ്പെട്ടു. അതിന്റെ ശബ്ദം ദൂരദിക്കുകളിൽ കേൾക്കാമായിരുന്നു. അതിന് ശേഷം അവർ നമസ്കരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. മതിലിനു മുകളിൽക്കൂടിത്തന്നെ അവർ തിരികെ പോയി. ഇദ്ദേഹം സ്വപ്നമാണിവിടെ വിവരിക്കുന്നത്. എന്റെ കട്ടിലിനരികിലൂടെ പോകുന്ന നേരത്ത് ആ മഹാത്മാവ് എന്നെ അഭിസംബോധനം ചെയ്ത് കൊണ്ട് ഇങ്ങിനെ പറഞ്ഞു. സഹോദരാ, മാലിന്യ വിസർജ്ജ്യങ്ങൾ അകത്തുള്ളത് പുറത്തേക്ക് കളയുക. ഞാൻ പ്രതിവചിച്ചു, ശരി നല്ല കാര്യം തന്നെ സാഹിബേ. ആ മഹാത്മാവ് നടന്നകന്നപ്പോൾ പിറകിലുണ്ടായിരുന്നവരോട് അദ്ദേഹമാരാണെന്ന് ഞാൻ ആരാഞ്ഞു. അവരിലൊരാൾ എന്നോട് ചോദിച്ചു നിങ്ങൾക്കറിയില്ലെ, ഇത് ഹദ്റത്ത് മിർസാ സാഹിബാണ്. അന്ന് സുബഹി നേരത്ത് എന്റെ ഒരു സുഹൃത്ത് ഡോ:മുഹമ്മദ് ഇസ്മായീൽ ഖാൻ സാഹിബ് മർഹൂം എന്റെ വാതിൽക്കൽ വന്നു മുട്ടി. ഞാൻ പുറത്ത് വന്നപ്പോൾ അദ്ദേഹം പറഞ്ഞു, ശാഹ് സാഹിബ് താങ്കൾ അഹ്മദിയായിരിക്കുന്നു. ഞാൻ ചോദിച്ചു അതെങ്ങിനെ ? പറഞ്ഞു. ഇന്നലെ രാത്രി ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി, താങ്കൾ ചികിത്സാലയത്തിൽ ഇരിക്കുകയായിരുന്നു. ഞാൻ അകത്ത് പോയി പെട്ടി തുറന്ന് അതിൽ നിന്നും ഒരു ഗൗൺ എടുത്ത് താങ്കളെ അണിയിച്ചു. അത് താങ്കൾക്ക് വളരെ കൃത്യമായിരുന്നു. അതിൽ ഞാൻ സുന്ദരവും നിലവാരമുള്ളതും ആയ കുടുക്കുകൾ തുന്നിച്ചേർത്തു. അപ്പോൾ ഇദ്ദേഹത്തിന് മാത്രമല്ല സ്വപ്നദർശനമുണ്ടായത്. മറിച്ച് ഇദ്ദേഹത്തിന്റെ സുഹൃത്തിനും സ്വപ്ന മാർഗേന ഇദ്ദേഹം അഹ്മദിയത്തിലേക്ക് ആകൃഷ്ടനായെന്നതിന് സൂചന ലഭിക്കുകയുണ്ടായി. അല്ലെങ്കിൽ ഇദ്ദേഹം അഹ്മദിയാകുമെന്ന് അറിവ് ലഭിക്കുകയുണ്ടായി. കാരണം ഇദ്ദേഹം സൽപ്രകൃതനായിരുന്നു. എന്തായാലും കുറച്ച് കാലശേഷം ഇദ്ദേഹം തന്റെ ഭാര്യാപിതാവ് സയ്യിദ് അക്ബർ ശാഹ് സാഹിബിന്റെ വീട്ടിൽ വന്നു. അയൽവാസിയായിരുന്ന മിർസാ ഗുലാമുല്ലാഹ് സാഹിബ് മർഹൂം അദ്ദേഹത്തിന്റെ അടുത്ത് വന്നു. ജുമുഅ ദിവസമായിരുന്നു. ഞാൻ അദ്ദേഹത്തോടോപ്പം മസ്ജിദ് അഖ്സയിലേക്ക് പോയി. അവിടെ പീഠത്തിനരികിൽ അദ്ദേഹം എന്നെ ഇരുത്തി. ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുന്നള്ളുകയുണ്ടായി, അദ്ദേഹം എന്റെ ബയ്അത്തിനെ കുറിച്ച് ഹുസൂറിനോട് പറഞ്ഞു. ഹുസൂർ അൻവർ വളരെ വാത്സല്യപൂർവ്വം എന്റെ കരങ്ങളെ സ്വകരങ്ങളിലെടുത്തു. ബയ്അത്ത് ചെയ്യാനെത്തിയ മറ്റുള്ളവർ എന്റെ ചുമലുകളിൽ കൈ വെച്ച് കൊണ്ട് ബയ്അത്ത് ചെയ്യുകയുണ്ടായി.

ഹ : അനായത്തുല്ലാഹ് സാഹിബ് തന്റെ ബയ്അത്ത് സംഭവം വിവരിക്കുന്നു: ഞാൻ 1901ലാണ് ബയ്അത്ത് ചെയ്തത്. അപ്പോൾ എനിക്ക് പതിനഞ്ചു വയസ് പ്രായമായിരുന്നു. ഞാൻ ആദ്യമായി ഖാദിയാനിൽ വന്നപ്പോൾ അത്തറിന്റെ ഒരു കുപ്പി കൂടെ കൊണ്ട് വന്നിരുന്നു. കാൽനടയായി യാത്രചെയ്ത് കൊണ്ട് ബട്ടാലയിൽ എത്തി. അവിടെ രാത്രി കഴിച്ചുകൂട്ടി. കുപ്പി പരിശോധിച്ചപ്പോൾ ഒരു തുള്ളിയൊഴികെ ബാക്കി നഷ്ടപ്പെട്ടതായി കണ്ടു. എനിക്ക് വളരെ ഖേദം തോന്നി. രാത്രി നമസ്കാരത്തിനായി ഹുസൂർ മട്ടുപ്പാവിൽ എത്തിയപ്പോൾ ഞാൻ അദ്ദേഹവുമായി ഹസ്തദാനം ചെയ്തു. ഈയുള്ളവൻ

ഹുസൂറിന് തടവിക്കൊടുക്കുവാൻ തുടങ്ങി. പറഞ്ഞു, ഞാൻ ഒരു കുപ്പി അത്തർ കൊണ്ടു വന്നതായിരുന്നു. എന്നാൽ വഴിമദ്ധ്യേ അത് നഷ്ടമായി. കുപ്പി ഹുസൂറിന് കാണിച്ച് കൊടുത്തു. അദ്ദേഹം പറഞ്ഞു നിനക്ക് മുഴുവൻ കുപ്പിയുടെയും പ്രതിഫലം ലഭിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) കുപ്പിയിലുണ്ടായിരുന്ന ഒരു തുള്ളി അത്തർ സ്വീകരിച്ചുകൊണ്ട് പറഞ്ഞു: നിന്റെ ഉദ്ദേശ്യം കുപ്പി നിറയെ തരുവാനായിരുന്നതിനാൽ അത്രതന്നെ നിനക്ക് പ്രതിഫലം ലഭിക്കുന്നതാണ്. ഞാൻ നമസകാരാനന്തരം ബയ്അത്ത് ചെയ്തു. പത്ത് ദിവസത്തോളം അവിടെ താമസിച്ചു. തുടർന്നെഴുതുന്നു. ഒരിക്കൽ ഞാൻ ഖാദിയാനിൽ നിന്നും തിരിച്ച് വരുന്ന വഴി ബട്ടാലയിലെത്തി. എന്റെ കൂടെ ഒരു ജന്മിയുമുണ്ടായിരുന്നു. രാത്രി ബട്ടാലയിൽ തങ്ങി. ജന്മി ചോദിച്ചു, താങ്കൾ ഹദ്റത്ത് സാഹിബിനോട് മടക്കയാത്രക്ക് അനുവാദം വാങ്ങിയിരുന്നുവോ ? ഞാൻ പറഞ്ഞു: ഇല്ല. എനിക്ക് സങ്കടം തോന്നി; അനുവാദം വാങ്ങാതെയാണല്ലോ പോകുന്നത്. രാത്രി സ്വപ്നത്തിൽ കാണുകയുണ്ടായി. ഹുസൂർ കട്ടിലിൽ ഇരുന്ന് കൊണ്ട് റൊട്ടി തിന്നുകയായിരുന്നു. എന്നോടും കഴിക്കാൻ കൽപ്പിച്ചു. പകുതി ഹുസൂറും ബാക്കി ഈയുള്ളവനും കഴിച്ചു. ഹുസൂർ പറഞ്ഞു, പോയ്കൊള്ളുക. താങ്കൾക്ക് പോകുവാൻ അനുവാദമുണ്ട്. ഞാൻ അക്ഷരഭ്യാസമില്ലാത്ത ആളായിരുന്നു. സംസാരിക്കുമ്പോൾ വിക്കുമായിരുന്നു. എന്നാൽ ഞാനിപ്പോൾ പൂർണ ആരോഗ്യവാനാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദു: ആയുടെയും കടാക്ഷത്തിന്റെയും ഫലമായിരുന്നു അത്.

ഹദ്റത് ശെയ്ഖ് അത്താഉല്ലാഹ് സാഹിബ് വിവരിക്കുന്നു. ഒരു ദിവസം ഞാൻ ഗോൾകമര (ഗോളാകൃതിയിലുള്ള മുറി) യുടെ അടുത്ത് നിൽക്കുകയായിരുന്നു. അവിടെയായിരുന്നു ബാബു ഫഖറുദ്ദീൻ മുൽത്താനിയുടെ കടയുണ്ടായിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വമേധയാ മസ്ജിദ് മുബാറക്കിന്റെ വാതിലിലൂടെ എഴുന്നള്ളുകയുണ്ടായി. അദ്ദേഹം എന്നെ വിളിച്ച് ഇങ്ങിനെ പറഞ്ഞു. മിയാൻ അത്തഉല്ലാഹ് ഈ കത്ത് ലെറ്റർ ബോക്സിലിട്ടുകൊള്ളുക. അതിൽ എനിക്ക് വളരെ സന്തോഷമുണ്ടായി. ഹുസൂറിന് എന്റെ പേര് നല്ല ഓർമ്മയാണല്ലോ. മഗ്രിബ് സമയത്ത് ഹുസൂർ ഒരു ഗ്ലാസ് പച്ച ആട്ടിൻ പാൽ ദിവസവും കഴിക്കുമായിരുന്നു. ഒരു വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ് (അ) യോട് പറയുകയുണ്ടായി. ഹുസൂർ പച്ചപ്പാല് കുടിക്കരുത്. അദ്ദേഹം പറഞ്ഞു നബിമാർ അധികപേരും പച്ചപ്പാലാണ് കുടിച്ചിരുന്നത്. കുറച്ച് കാലശേഷം ഞാൻ ടെലിഗ്രാഫ് ഓഫീസിൽ ഉദ്യോഗസ്ഥനായിരുന്നു. എനിക്ക് കഠിനമായ പനിയുണ്ടായി. തീവ്രമായ കഫജ്വരമുണ്ടായി. ഞാൻ അവധി വാങ്ങിച്ച് കൊണ്ട് ഖാദിയാനിൽ പോയി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിന്റെ വീട്ടിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. കാരണം ജമ്മുവിൽ വെച്ച് അദ്ദേഹം വഴിയായിരുന്നു ഞാൻ ഇസ്ലാം ആശ്ലേഷിച്ചത്. ഈ ആത്മീയവും അഗാധവുമായ ബന്ധത്തിന്റെ പേരിൽ ഖലീഫത്തുൽ മസീഹ് അവ്വൽ എന്നെ ചികിത്സിക്കാൻ തുടങ്ങി. എനിക്ക് പ്രഭാതത്തിലും പ്രദോഷത്തിലും ചോറും, കിച്ചടിയും, പുഴുങ്ങിയ മുട്ടയും കഴിപ്പിച്ചതിന് ശേഷം മരുന്ന് തരുമായിരുന്നു. നാവിന്റെ രുചി കേടായി, എനിക്ക് ഇതൊക്കെ തിന്നുന്ന ശീലമില്ലായിരുന്നു. ഹ:അബ്ദുസ്സലാം സാഹിബിന്റെ മാതാവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഭാര്യയുമായിരുന്ന ഹ:അമ്മാജാനോട് ഞാൻ അപേക്ഷിച്ചു. എന്റെ നാവിന് രുചിയില്ലാതായിരിക്കുന്നു. ഏതെങ്കിലും കറിയോ വല്ല ഉപ്പുള്ളതോ കഴിച്ചാൽ അത് ശരിയാകും. അവർ പറഞ്ഞു. മൗലവി സാഹിബിന് അത് ഇഷ്ടപ്പെടില്ല. എന്നിരുന്നാലും അവർ ഒരു തുണികൊണ്ട് കറി അരിച്ച് വൃത്തിയാക്കിയെടുത്ത് എനിക്ക് കുടിക്കുവാൻ തന്നു. പിറ്റേന്ന് പുലർച്ചയ്ക്ക് മൗലവി സാഹിബ് എന്റെ നാഡി നോക്കിയപ്പോൾ ചോദിച്ചു. രാത്രി എന്താണ് കഴിച്ചത്. ഇക്കാലത്ത് വലിയ വലിയ ഡോക്ടർമാർക്ക് ടെസ്റ്റുകൾ നടത്തിയാലും കാര്യങ്ങൾ പിടികിട്ടാറില്ല. ഹ : ഖലീഫത്തുൽ മസീഹ് അവ്വൽ നാഡി നോക്കിയപ്പോൾ തന്നെ രാത്രി എന്താണ് കഴിച്ചതെന്ന് ചോദിക്കുകയുണ്ടായി. നാഡിമിടുപ്പ് ദ്രുതഗതിയിലായിരുന്നു. ഞാൻ പറഞ്ഞു; ഒന്നുമില്ല. ദർസ് വിട്ടുകൊണ്ട് പെട്ടെന്ന് തന്നെ അദ്ദേഹം വീട്ടിൽ പോയി. ഭാര്യയോട് അന്വേഷിച്ചു. രാത്രി അത്താഉല്ലാഹ് എന്തായിരുന്നു ഭക്ഷിച്ചത്. അവർ പ്രതിവചിച്ചു. ഭക്ഷണം കഴിച്ചതിന് ശേഷം അദ്ദേഹം വാശിപിടിച്ച് കൊണ്ട് അൽപം കറി കഴിച്ചിട്ടുണ്ടായിരുന്നു. അവരോടും എന്നോടും അദ്ദേഹം ദേഷ്യപ്പെട്ടു. എന്നോടിത്ര വലിയ കളവ് നീ പറഞ്ഞുവല്ലോ എന്ന് പറയുകയുണ്ടായി. എന്തായാലും എന്റെ ഈ കള്ളം പറച്ചിലും പഥ്യമൊഴിവാക്കലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് പറഞ്ഞത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നും അറിയാനിടയായി. കഫജ്വരം അതായത് ടി.ബി. ഉണ്ടായിരുന്നിട്ടു കൂടി എനിക്ക് ആരോഗ്യകാര്യത്തിൽ തീരെ ശ്രദ്ധയില്ല എന്നറിയിച്ചു. രോഗകാരണത്താൽ ഞാൻ വളരെ അധികം ക്ഷീണിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാര്യമറിഞ്ഞപ്പോൾ നീരസം പ്രകടിപ്പിച്ചു. അവസാനം എന്റെ രണ്ടു മാസത്തെ അവധി കഴിഞ്ഞു. ഹദ്റത്ത് മൗലവി സാഹിബ് എന്റെ ആരോഗ്യത്തെകുറിച്ച് വളരെ അധികം വ്യാകുലതനായിരുന്നു. കൂടെ കൊണ്ടു പോകാൻ മരുന്നുകൾ തന്നു. എന്നോട് അവ സേവിക്കുവാൻ പറഞ്ഞു. ഞാൻ ദു:ആ ചെയ്യുന്നതുമാണ് എന്നദ്ദേഹം പറയുകയുണ്ടായി. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ സവിധത്തിൽ ഹാജരായി. ഞാൻ അവധി കഴിഞ്ഞതിനാൽ ഇന്നു തന്നെ റാവൽ പിണ്ടിയിലേക്ക് മടങ്ങുകയാണ് എന്ന് അറിയിച്ചു. ആരോഗ്യനില മോശമാണ് ദു:ആ ചെയ്യുക. ഹുസൂർ ദു:ആ ചെയ്യുകയുണ്ടായി. എന്നിട്ടു പറഞ്ഞു. താങ്കൾ നമസ്കാരത്തിൽ അത്യധികം വിനയത്തോടും വണക്കത്തോടും മനോവേദനയോടും കൂടി ദു:ആ ചെയ്യുക. ഖാദിയാനിലേക്ക് കത്തും മറ്റും എഴുതികൊണ്ടിരിക്കുക. പെട്ടെന്ന് തന്നെ വന്ന് കൊണ്ടിരിക്കുക. പഥ്യമൊഴിവാക്കൽ ഉപേക്ഷിക്കുക. ഭക്ഷണത്തിൽ പഥ്യം തെറ്റിച്ച കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) മിന് ഓർമയുണ്ടായിരുന്നു. അല്ലാഹുവിന്റെ മുമ്പിൽ ദൃഢപ്രതിജ്ഞയെടുക്കുക. അല്ലാഹുതആല പാപം പൊറുത്തു കൊടുക്കുന്നവനും കാരുണ്യവാരിധിയുമാണ്. ഇൻശാ അല്ലാഹ് തീർച്ചയായും ആരോഗ്യം സിദ്ധിക്കുന്നതാണ്. പറയുന്നു. ഞാൻ റാവൽപിണ്ടിയിലെത്തി, രാത്രി ഏകദേശം ഒന്നരമണിക്ക് അന്യഭാഷയിൽ ഒരു ദർശനമുണ്ടായി. വിനീതനത് മനസിലായില്ല. ആശ്ചര്യവാനായികൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ

കുമ്പിട്ടുകൊണ്ട് ഞാൻ ഇങ്ങനെ അഭ്യർത്ഥന നടത്തി; അല്ലാഹുവേ! നിന്റെ അസ്തിത്വത്തിന് എല്ലാ ഭാഷകളിലും ആധിപത്യമുള്ളതാണ്. എനിക്ക് ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം മനസിലാക്കിത്തന്നാലും. അപ്പോൾ അല്ലാഹു തന്റെ പ്രത്യേക കാരുണ്യത്താൽ രാത്രി ഏകദേശം രണ്ടരമണിക്ക് എന്റെ നാവിൽ നിന്നും ഹെൽതി ഹെൽതി ഹെൽതി എന്ന് ഉരുവിടിപ്പിച്ചു. ഇത് ഒരുപാട് തവണ തുടർന്നതിനാൽ ശബ്ദം കേട്ട് ഞാൻ ഉണർന്നു. ആരോഗ്യം വീണ്ടുകിട്ടുകയുണ്ടായി. പിന്നെ ഞാൻ ഇന്നു വരെ ഇരുപത് വർഷം കഴിഞ്ഞിട്ടും തലവേദനയാൽ പോലും രോഗഗ്രസ്തനായിട്ടില്ല. അതുമാത്രമല്ല പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ കാര്യങ്ങളും ഭംഗിയാവാൻ തുടങ്ങി. സന്താന സൗഭാഗ്യവും സിദ്ധിച്ചു. ആദ്യം ഇദ്ദേഹം സന്താനരഹിതനായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇദ്ദേഹത്തിന് മൂന്ന് ആൺകുട്ടികളും നാല് പെൺകുട്ടികളും ജനിക്കുകയുണ്ടായി.

ഹ:മലക് ബർക്കത്തുള്ള സാഹിബ് എന്ന സഹാബിയുണ്ടായിരുന്നു. അദ്ദേഹം വിവരിക്കുന്നു. എന്റെ പിതാവ് ഹ: ബർക്കത്ത് അലി സാഹിബ് 1897, 1898 കളിൽ തന്നെ അഹ്മദിയായിരുന്നു. അദ്ദേഹത്തെ പിന്തുടർന്നു കൊണ്ട് ഞാനും ചെറുപ്പകാലത്തേ അഹ്മദിയായിരുന്നു. എന്നാൽ 1904 ൽ എനിക്ക് ഏകദേശം 14,15 വയസുള്ളപ്പോൾ ഞാൻ സ്വയം തന്നെ ഹുസൂറിൽ ബയ്അത്ത് ചെയ്യുകയുണ്ടായി. ആരെങ്കിലും ബയ്അത്ത് ചെയ്യുമ്പോഴൊക്കെ ഞങ്ങളും പലതവണ ബയ്അത്ത് ചെയ്യുമായിരുന്നു. ഹുസൂർ ബയ്അത്തിന് ശേഷം ചെയ്യുന്ന ദു:ആയിൽ ഉൾപ്പെടുന്നതിന് വേണ്ടിയായിരുന്നു അത്. ഒരുപാട് പേർ ബയ്അത്ത് ചെയ്യാൻ എത്തുമായിരുന്നു. അപ്പോൾ ആൾക്കാർ തങ്ങളുടെ തലപ്പാവുകൾ ഊരി അതിന്റെ ഒരഗ്രം ഹുസൂറിന് പിടിക്കുവാൻ കൊടുക്കുമായിരുന്നു. പിന്നീട് ആൾക്കാർ തലപ്പാവിന്റെ തുമ്പിൽ പിടിക്കുമായിരുന്നു. അങ്ങിനെ ബയ്അത്ത് നടക്കുമായിരുന്നു.

ഹ: ഡോ : ഉമറുദ്ദീൻ സാഹിബിന്റെ നിവേദനമാണ് അടുത്തത്. 1879 ജൂലൈ 28നാണ് ഞാൻ ജനിച്ചത്. ജൂൺ 30, 1905 ൽ ഹ : മസീഹ് മൗഊദ് (അ) യ്ക്ക് ബയ്അത്ത് ചെയ്തു. 1928 ജൂലൈ 28ൽ വസിയ്യത്ത് ചെയ്യുകയുണ്ടായി. ഇതിൽ വസിയത്ത് നമ്പർ 2898 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഒക്ടോബർ 1924 മുതൽ ജമാഅത്ത് അഹ്മദിയ്യാ നേറോബിയുടെ പ്രസിഡന്റ് ആയി രണ്ട് വർഷം സേവനം ചെയ്തു. പിന്നീട് ഇൻതിസാമിയ കമ്മിറ്റിയിലെ മെമ്പറായി. ജമാഅത്ത് അഹ്മദിയ്യാ നേറോബിയുടെ പതിനഞ്ചുവർഷമായി ഓഡിറ്ററാണ്. ഇത് എഴുതുന്ന സമയത്തുള്ള കണക്കാണ് ഇദ്ദേഹം ഇവിടെ വിവരിക്കുന്നത്. മൂന്നു വർഷമായി സെക്രട്ടറി വസായ, സിയാഫത്ത് ആണ്. ഞാൻ ഈ രാജ്യത്ത് 1900 ഫെബ്രുവരി മാസത്തിൽ വന്നതാണ്. ഡോ : റഹ്മത്തലി സാഹിബ് (റ) സൂഫി നബി ബഖ്ഷ് സാഹിബ് അക്കൗണ്ടന്റ്. ഡോ : ബിശാറത്ത് അഹ്മദ് സാഹിബ് എന്നിവരുടെ കാലഘട്ടത്തിലാണ് വന്നത്. ഡോ : റഹ്മത്തലി സാഹിബിന്റെ സ്വഭാവവൈശിഷ്ട്യങ്ങൾ, മമത, അനുകമ്പ എന്നിവ കണ്ടുകൊണ്ടാണ് ഒരുപാട്പേർ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നത് കാണാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഈ അവസരത്തിലാണ് ആദ്യമായി കാലത്തിന്റെ ഇമാമിന്റെ ശബ്ദം എന്റെ കാതുകളിൽ എത്തിയത്. അപ്പോൾ നോക്കുക. ഒരു വ്യക്തിയുടെ സ്വഭാവമഹാത്മ്യങ്ങളും, കാരുണ്യവും, സഹതാപവും കണ്ട് ഒരു പാട് പേർ ഇത് ഏത് മതമാണ്, ഇവർ ഏത് തരത്തിലുള്ള ആൾക്കാരാണ് എന്നൊക്കെ ശ്രദ്ധിക്കുവാൻ തുടങ്ങി. അങ്ങിനെ അവർ അഹ്മദികളാവുകയുണ്ടായി. തുടർന്ന് പ്രസ്താവിക്കുന്നു. ഞാൻ എന്റെ ഭാഗ്യധേയത്തിന്റെ കേസ് ഈശ്വര സന്നിധാനത്തിൽ ബോധിപ്പിച്ചു. അതായത് എന്റെ ഭാഗ്യത്തിലെന്താണുള്ളത് എന്ന് അല്ലാഹുവിനോട് ദു:ആ ചെയ്തു. വളരെ അധികം വിലപിച്ചും ധൈര്യം സംഭരിച്ചും സ്ഥിരചിത്തതയോടുകൂടിയും ദിവസവും തഹജ്ജുദ് നമസ്കാരത്തിൽ ദു:ആ ചെയ്യുവാൻ തുടങ്ങി. അല്ലയോ എന്റെ പ്രിയ നാഥാ ! അദൃശ്യ കാര്യങ്ങളറിയുന്ന അല്ലാഹുവേ! എന്റെ വിലാപം കേൾക്കുവിൻ, എനിക്ക് മാർഗദർശനം നൽകുവിൻ, എന്നെ സന്മാർഗത്തിൽ നിന്നും ദൂരപ്പെടുത്തരുതേ, ഞാൻ സ്വയം എളിയവനും അശക്തനും അപരാധിയും അൽപജ്ഞനും മറ്റും ആണ്.

എന്റെ രക്ഷിതാവ് എന്റെ ദീനരോധനം കേട്ടു. സത്യമായ സ്വപ്നങ്ങൾ വരുവാൻ തുടങ്ങി. എനിക്ക് സുവ്യക്തമായ നിലയിൽ രണ്ട് സ്വപ്നം കാണിച്ചു തന്നു. അതിന്റെ ആധാരത്തിൽ ഞാൻ ജർമൻ ഈസ്റ്റ് ആഫ്രിക്കയിലെ കുസുമോ ജില്ലയിലെ ക്രേബോ സ്റ്റേഷനിൽ നിന്നും- ഞാനവിടുത്തെ ആശുപത്രിയിലെ ഇൻചാർജായിരുന്നു- 1905 ജൂൺ 30ൽ അല്ലാഹുവിന്റെ ഇഷ്ടപ്രേമഭാജനത്തിൽ കത്ത് മുഖേന ബയ്അത്ത് ചെയ്തു. ബയ്അത്ത് ചെയ്ത ശേഷം എന്തായിരുന്നു അവസ്ഥ. എനിക്ക് ചിന്തിക്കുവാൻ പോലും സാധിക്കാതിരുന്ന ആനന്ദനിർവൃതി ആരാധനാകൃത്യങ്ങളിൽ വന്നു തുടങ്ങി. കാരണം അത് പരിശുദ്ധരായ മലക്കുകൾ അവതരിച്ചുകൊണ്ടിരുന്ന കാലമായിരുന്നു. അന്ന് കിട്ടിക്കൊണ്ടിരുന്ന എല്ലാ കത്തുകളിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ നവംനവങ്ങളായ വഹ്യ്കളെയും വഹ്യ് പൂർത്തീകരണങ്ങളെയും കുറിച്ച് അറിയിപ്പുണ്ടായിരുന്നു. സദാസമയവും ഹദ്റത്ത് അഖ്ദസിനെ കാണുവാൻ ഹൃദയം വ്യാകുലമായിരുന്നു. അസ്വസ്ഥത അതിരു കടക്കുവാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണണം എന്നൊരു ചിന്തയായിരുന്നു. കത്ത് മുഖേനയായിരുന്നു ബയ്അത്ത് ചെയ്തിരുന്നത്. കയ്യാൽ ബയ്അത്ത് ചെയ്തിരുന്നില്ല. എങ്ങിനെയൊക്കെയോ എന്റെ അവധി അടുത്തു വന്നു. അല്ലാഹു എന്റെ മനസ്സിൽ പ്രിയ മസീഹിന് കാണിക്ക വയ്ക്കുവാനുള്ള ആശയം ഉദിപ്പിച്ചു. കാഴ്ച വെക്കുന്നതിനായയി ഒട്ടകപ്പക്ഷിയുടെ നാല് മുട്ടകൾ കൊണ്ട് പോകുവാൻ ഞാൻ നിശ്ചയിച്ചു. അത് കിട്ടുവാനും കൊണ്ടുപ്പോകാൻ പെർമിറ്റ് കരസ്ഥമാക്കുവാനും ജർമ്മനി കോടതിയിൽ ശ്രമിക്കേണ്ടതായി വന്നു. കാരണം ഈസ്റ്റ് ആഫ്രിക്കയിൽ നിന്നും ഇതിനുള്ള അനുവാദം കിട്ടുമായിരുന്നില്ല. ഒക്ടോബർ 1907 ൽ ഞാൻ എന്റെ നാട്ടിലേക്ക് തിരിച്ചു. ഗുജറാത്തിലെത്തിയ എനിക്ക് എന്റെ മർഹൂം പിതാവും മർഹൂം സഹോദരനും ജമാഅത്തിന്റെ എതിരാളികളാണെന്നു മനസ്സിലായി. അവർക്ക് വേണ്ടി ഞാൻ എല്ലാ നമസ്കാരങ്ങളിലും കരഞ്ഞു പ്രാർത്ഥിക്കുമായിരുന്നു. അല്ലാഹു എന്നെ സഹായിച്ചു. എന്റെ പിതാവും കുറച്ച് കൂട്ടുകാരും ജൽസാ സാലാനയ്ക്കായി ഖാദിയാനിൽ പോകുവാൻ തയ്യാറാവുക

യുണ്ടായി. ഒരുപാട് അഭ്യർത്ഥനകൾക്കും ദുആകൾക്കും ശേഷം ഖാദിയാനിലേക്ക് വാർഷിക സമ്മേളനത്തിനായി പോകുവാൻ പിതാവും സഹോദരനും തയ്യാറായി. 1907 ലെ ജൽസാ സാലാനയ്ക്കായി ഗുജറാത്തിലെ അഹ്മദിയ്യാ ജമാഅത്തംഗങ്ങൾക്കൊപ്പം ഞങ്ങൾ ഖാദിയാൻ എന്ന പ്രിയദേശത്തെത്തി. ഞാൻ എത്തിയ ഉടൻ കണ്ട കാഴ്ച വിചിത്രമായിരുന്നു. വലിയ വലിയ ജനക്കൂട്ടങ്ങളും ബഹുമാന്യ വ്യക്തികളും ഹദ്റത്ത് മസീഹ് മൗഊദ് (അ) മായി കൂടിക്കാഴ്ച നടത്താൻ വെമ്പൽ കൊള്ളുകയായിരുന്നു. ഒന്നു കാണുവാനായി അവർ തലതല്ലി ശ്രമിക്കുകയായിരുന്നു. എന്റെ ആശ്ചര്യത്തിനും വ്യാകുലതയ്ക്കും അറുതി വരുന്നില്ലായിരുന്നു. ഞാൻ ഒരു ദൂരദേശത്ത് നിന്നും കുറച്ച് കാലത്തിനായി ഒരു യാത്രികനായി വന്നതായിരുന്നു. രണ്ട് വർഷമായി തിരുദർശനത്തിനായി പൊറുതിമുട്ടുകയായിരുന്നു. ഹദ്റത്ത് അഖ്ദസിനെ തനിച്ച് കാണണമെന്നത് എന്റെ ഹൃദയാഭിലാഷമായിരുന്നു. എന്നാൽ അതൊന്നും നടക്കുന്ന ലക്ഷണമുണ്ടായിരുന്നില്ല. ഗുജറാത്തിലെ ഞങ്ങളുടെ ജമാഅത്തംഗങ്ങൾ ലങ്കർഖാനയിൽ ഭക്ഷണത്തിരക്കിലായിരുന്നു. എന്നാൽ ഞാൻ മുലാഖാത്തിനു വേണ്ടി കൈകാലുകൾ അടിച്ചുകൊണ്ട് മസ്ജിദ് മുബാറക്കിന്റെ കീഴ്ഭാഗത്തുള്ള ഒരു ഇടവഴിയിലൂടെ നടക്കുകയായിരുന്നു. നടക്കുന്നതിനിടെ ഒരു സഹോദരനെ ഞാൻ കാണുകയുണ്ടായി. ഞാൻ പറഞ്ഞു, ഞാൻ വളരെ ദൂരദേശത്തിൽ നിന്നു വന്നതാണ്. ഹദ്റത്ത് അഖ്ദസിനെ തനിച്ച് കാണണമെന്ന് ആഗ്രഹിക്കുന്നു. താങ്കളെനിക്ക് വല്ലപോംവഴിയും പറഞ്ഞു തരുവിൻ. അദ്ദേഹം പറഞ്ഞു. ഈ പാതയിലൂടെ ഒരു വയസായ സ്ത്രീ ഹദ്റത്ത് അഖ്ദസിന്റെ സേവക വന്നുപോകാറുണ്ട്. അവരോട് പറയുക ഈ സംസാരം കഴിയുന്നതിനു മുമ്പെ ആ സേവകയെ കാണാനിടയായി. ഞാൻ ഓടി അടുത്തുകൊണ്ടു പറഞ്ഞു. മാതാവെ! ഞാൻ വളരെ ദൂരദേശത്തിൽ നിന്നും വന്നതാണ്. ഹദ്റത്ത് അഖ്ദസിനെ തനിയെ കാണണമെന്ന് ആശിക്കുന്നു. ഈ യാത്രികന്റെ സന്ദേശം ഹുസൂറിന് സമക്ഷം എത്തിച്ചാൽ വലിയ ഉപകാരമായിരുന്നു. വൃദ്ധ മാതാവ് വളരെ സന്തോഷത്തോടും വാത്സല്യത്തോടും കൂടി പറഞ്ഞു. നിൽക്കുക, ഞാനിതാ വന്നു. അവർ പോയയുടൻ തിരികെ വന്നു. എന്റെ ആശ പൂവണിഞ്ഞുവെന്ന സന്തോഷവാർത്ത അറിയിച്ചു. ഹദ്റത്ത് അഖ്ദസ് എന്നോട് മുകളിലേക്കു വരാൻ പറഞ്ഞു. ഞാൻ പെട്ടെന്ന് തന്നെ ഓടിപ്പോയി. എന്റെ പിതാവിനെയും കൂടെയുണ്ടായിരുന്ന അനഹ്മദി സുഹൃത്തുക്കളെയും വിളിച്ചുകൊണ്ടു വന്നു. ഞങ്ങൾ മുകളിലെത്തി. അങ്കണത്തിൽ പ്രവേശിച്ചതും ജനവാതിലിൽക്കൂടി അസ്സലാമു അലൈക്കും എന്നു പറഞ്ഞുകൊണ്ട് ഹദ്റത്ത് അഖ്ദസ് പുറത്തു വന്നു. വ്യസനകരമെന്ന് പറയട്ടെ, ഞങ്ങൾക്ക് ആദ്യം അസ്സലാമു അലൈക്കും എന്നു പറയുവാനുള്ള അവസരം ലഭിച്ചില്ല. അക്കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളെ പിന്നിലാക്കി. എന്റെ വന്ദ്യപിതാവ് ജമാഅത്തിന്റെ കടുത്ത വിരോധിയായിരുന്നിട്ടുകൂടി ഹുസൂറിന്റെ കാല്പാദങ്ങളിലേക്ക് അനിയന്ത്രിതമായി വീണു. ഹുസൂർ ദയാപൂർവ്വം തന്റെ തൃക്കൈകളാൽ അദ്ദേഹത്തിന്റെ തലയുയർത്തിക്കൊണ്ട് പറഞ്ഞു. സുജൂദിന് യോഗ്യത അല്ലാഹുവിന്റെ സത്തയ്ക്കാണുള്ളത്, ദാസന്മാരുടെ മുമ്പിൽ കുനിയാവുന്നതല്ല. അല്ലാഹുവിന്റെ മുന്നിൽ മാത്രമാണ് സുജൂദ് ചെയ്യേണ്ടത്. അതിനു ശേഷം ഈ വിനീതൻ കാഴ്ചദ്രവ്യമായി ഒട്ടകപക്ഷിയുടെ നാല് മുട്ടകൾ അദ്ദേഹത്തിന് സമർപ്പിച്ചു. ഹുസൂർ അത് ദയാപൂർവ്വം സ്വീകരിച്ചു. വളരെ സ്നേഹവാത്സല്യത്തോടു കൂടി എന്റെ ആഫ്രിക്കാവാസത്തെക്കുറിച്ചും യാത്രയെക്കുറിച്ചും അന്വേഷിച്ചറിഞ്ഞു. എന്റെ കരങ്ങൾ തന്റെ തൃക്കരങ്ങളിലെടുത്തുകൊണ്ട് പറഞ്ഞു, ഈ ലോകത്തോട് തന്റെ ഹൃദയം ബന്ധിപ്പിക്കുവാൻ പാടുള്ളതല്ല. മറിച്ച് താൻ ഒരു യാത്രികനാണെന്നും ടിക്കറ്റ് വാങ്ങി പ്രതീക്ഷാലയത്തിൽ വണ്ടി കാത്തിരിക്കുകയാണെന്നും ഉള്ള ഒരു തോന്നൽ എപ്പോഴുമുണ്ടാകേണ്ടതാണ്. എന്നോട് ഒരുപാട് ഇസ്തിഗ്ഫാർ ചെയ്യുവാൻ നിർദ്ദേശിച്ചു. സ്ഥിരമായി ദുആക്ക് വേണ്ടി കത്തയച്ചു കൊണ്ടിരിക്കുവാനും ഉപദേശിച്ചു. പിന്നീട് ഹുസൂർ എന്റെ പിതാവിന്റെയും കൂടെയുണ്ടായിരുന്ന സുഹൃത്തുക്കളുടെയും ബയ്അത്ത് സ്വീകരിച്ചു. ആദ്യം എല്ലാവരും കൊടിയ വിരോധികളായിരുന്നു. എന്നാൽ ഒരു കൂടിക്കാഴ്ചയിൽ തന്നെ ബയ്അത്തിന് എല്ലാവരും സന്നദ്ധരാവുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ബയ്അത്തിനു ശേഷം വളരെയധികം കരഞ്ഞുകൊണ്ടും ഹൃദയസ്പൃക്കായും ഞങ്ങൾക്കു വേണ്ടി ദുആ ചെയ്തു. ഹുസൂറിന്റെ നേത്രങ്ങളിൽ അശ്രുകണങ്ങൾ നിറഞ്ഞു. ഞങ്ങൾ കണ്ണുനീർ തടയുവാൻ ബുദ്ധിമുട്ടി. ഹൃദയം വളരെയധികം ലോലവും നിർമ്മലവുമായി, എത്രത്തോളമെന്നാൽ ഹുസൂർ എന്റെ കരങ്ങൾ ഗ്രഹിച്ചതും, ഞാൻ ഹുസൂറിന്റെ പ്രകാശിത മുഖം ദർശിച്ചതും, ഹുസൂറിന്റെ വാത്സല്യഭരിതവും ലജ്ജാപൂർണ്ണവും നേത്രങ്ങളിൽ അശ്രുകണങ്ങൾ നിറഞ്ഞതും, ഈ എളിയവനും അപരാധിയും ആയ എനിക്ക് ഇസ്തിഗ്ഫാറിനുള്ള നിർദ്ദേശം നൽകിയതും, നിരന്തരം ദുആക്ക് എഴുതുവാൻ ഉപദേശിച്ചതും ഇന്നും ഓർക്കുമ്പോൾ ശരീരത്തിൽ വൈദ്യുതി പ്രവാഹമുണ്ടാവുകയും അശ്രുകണങ്ങൾ ധാരധാരയായി ഒഴുകുകയും ചെയ്യും. അതെത്രമാത്രം അനുഗ്രഹീത കാലഘട്ടമായിരുന്നു. എതിർപ്പിന്റെ ശക്തമായ പർവ്വതങ്ങളും സമുദ്രവും കൊടുങ്കാറ്റും അല്ലാഹുവിന്റെ പ്രിയ നബിയുടെ ദു:ആയുടെ ഫലമായി പറന്നകലുന്നത് സ്വന്തം കണ്ണുകൾ കൊണ്ട് ദർശിക്കുവാനായി. അത്യധികം വൈരമുള്ളവർപ്പോലും മത്സരത്തിനു വരുന്നതിൽ ഭയവിഹ്വലരാകുന്നതു കണ്ടു. അന്യരുടെ ഇടയിലുള്ള പണ്ഡിത ശിരോമണികൾ മാത്രമല്ല, അഹ്മദിയ്യാ ജമാഅത്തിലെ വിജ്ഞാന പടുക്കളുടെ അറിവ് പോലും ഈ പതിനാലാം രാവിലെ ചന്ദ്രബിംബത്തിന്റെ മുമ്പിൽ അന്ധകാര നിബിഡമായി കണ്ടു. ആർക്കും തന്നെ ഏതു പ്രശ്നത്തിലും ഹുസൂറിനു മുമ്പാകെ വീരവാദം മുഴക്കുവാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. ദുആക്ക് ശേഷം ഹുസൂർ ഹസ്തദാനത്താൽ കടാക്ഷിച്ചു. എന്നിട്ട് ഞങ്ങൾക്ക് പോകുവാൻ അനുവാദം നൽകി. ഗുജ്റാത്തിലെ അഹ്മദിയ്യാ ജമാഅത്തംഗങ്ങളും നവാബ് ഖാൻ സാഹിബ് തഹ്സീൽദാറും എന്റെ ഈ കൂടിക്കാഴ്ചയെക്കുറിച്ച് അറിഞ്ഞപ്പോൾ അസൂയയോടെ ചോദിച്ചു. ഞങ്ങളെ എന്തുകൊണ്ട് കൂടെ കൊണ്ടുപോയില്ല.

മറ്റൊരു നിവേദനമുള്ളത് ഹദ്റത്ത് മാസ്റ്റർ അബ്ദുൽ റഊഫ് സാഹിബിന്റെതാണ്. ഇദ്ദേഹം ഗുലാം മുഹമ്മദ് സാഹിബിന്റെ പുത്രനാണ്. 1898 ൽ ഇദ്ദേഹം ബൈഅത്ത് ചെയ്യുകയുണ്ടായി.

അതേ വർഷം തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ ഇദ്ദേഹം സന്ദർശിക്കുകയുണ്ടായി. പ്രാരംഭകാലം മുതൽക്കേ, അതായത് എന്റെ കുട്ടിക്കാലത്ത് ഞാൻ ഭേര ഹൈസ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഭേരയിൽ ചർച്ചയുണ്ടാകുമായിരുന്നു. ഖാദിയാനിലെ ഒരു വ്യക്തി ഇമാം മഹ്ദിയാണെന്ന് വാദിക്കുന്നുണ്ട്. കാലക്രമേണ ഞങ്ങളുടെ മഹല്ലിലും ഈ വാർത്തയെത്തി. മിർസാ ഗുലാം അഹ്മദ് എന്ന വ്യക്തി ഇമാം മഹ്ദി ആണെന്ന വാദം ഉന്നയിക്കുന്നുണ്ട്. ഞാൻ കുട്ടിയായിരുന്നു. അത്ര അറിവൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ഗുലാം ഇലാഹി എന്ന പേരുള്ള എന്റെ സഹോദരൻ പുസ്തകങ്ങൾ വായിച്ച് മിർസാ സാഹിബിന് ബയ്അത്ത് ചെയ്തു. അവന്റെ പേര് 313 സഹാബാക്കളിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്. അഞ്ചാമെ ആഥം എന്ന പുസ്തകത്തിൽ ഉള്ള പേര് വിവരപ്പട്ടികയിൽ 249-ാം നമ്പറിൽ മിസ്തിരി ഗുലാം ഇലാഹി സാഹിബ് ഭേര എന്ന പേരിൽ വന്നിട്ടുണ്ട്. പറയുന്നു, എന്റെ സഹോദരൻ വീട്ടിലുള്ള എല്ലാവരുടെയും പേര് ബയ്അത്തിനായി എഴുതി അയക്കുകയുണ്ടായി. ആ സമയത്ത് മഹല്ലിൽ വന്നുകൊണ്ടിരുന്ന മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങളും വിളംബരങ്ങളും ഞാനും വായിക്കുമായിരുന്നു. ഞാൻ രാത്രി സമയത്ത് അവ പള്ളിയിലും വായിച്ചു കേൾപ്പിക്കുമായിരുന്നു. ഗംഗാ ബിഷൻ, അബ്ദുല്ലാ ആഥം എന്നീ പേരുകൾ ഇപ്പോഴും ഓർക്കുന്നു. ഇവരെക്കുറിച്ചുണ്ടായിരുന്ന വിളംബരങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്. എന്തായാലും മിർസാ സാഹിബിനെ കാണുവാൻ എന്നിലും ആഗ്രഹം ജനിച്ചു. ഞാൻ മഗ്രിബ് നമസ്കാരാനന്തരം ഭേരയിലെ ഒരു പാലത്തിലിരുന്ന് ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ മിർസാ സത്യവാനാണെങ്കിൽ എന്നെയും ഖാദിയാനിലെത്തിക്കുക. അഥവാ കള്ളവാദിയാണെങ്കിൽ ഇവിടെതന്നെ ഇരുത്തുക. അതായത് ഭേരയിൽ തന്നെ നിൽക്കാം. പിന്നെ അവിടെ പോകേണ്ട കാര്യമില്ല. പത്താം ക്ലാസ് പരീക്ഷ ഞാൻ റാവൽപിണ്ടിയിലാണ് എഴുതിയത്. 1311 ഹിജ്റാബ്ദത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഞാൻ എന്റെ കണ്ണുകൾ കൊണ്ടു കണ്ടിട്ടുണ്ട്. അപ്പോൾ ഞാൻ മിഡിൽ ക്ലാസ്സിലായിരുന്നു പഠിച്ചിരുന്നത്. ഞാൻ 1898ൽ പരീക്ഷ എഴുതി കഴിഞ്ഞപ്പോൾ എന്റെ സഹോദരൻ ഗുലാം ഇലാഹി എന്നെ ഖാദിയാനിലേക്ക് കൊണ്ടു പോകുകയുണ്ടായി. ആ സമയത്ത് ഞാൻ മിർസാ സാഹിബിന്റെ കയ്യിൽ ബയ്അത്ത് ചെയ്തു. അപ്പോൾ അവിടെ ഒരു ചെറിയ പള്ളിയാണുണ്ടായിരുന്നത്. കുറച്ചു ദിവസം അവിടെ നിന്ന ശേഷം ഞങ്ങൾ ഭേരയിലേക്ക് തിരികെ വന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് എന്റെ സഹോദരന്റെ പരിചയക്കാരനായിരുന്നു. അദ്ദേഹം ഇങ്ങിനെ കത്തെഴുതി. നിന്റെ സഹോദരൻ അബ്ദുൽ റഊഫിനെ ഖാദിയാനിലേക്ക് അയക്കുക. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1899ൽ വീണ്ടും ഞാൻ ഖാദിയാനിലെത്തി. മൗലവി സാഹിബിനെയും ഹദ്റത്ത് സാഹിബിനെയും കണ്ടു. മൗലവി സാഹിബിന് എന്റെ വിദ്യാഭ്യാസത്തെക്കുറിച്ച് അറിയാമായിരുന്നു. എന്നാൽ ഞാൻ ഒരു പാവപ്പെട്ടവനായിരന്നു. അതായത് അക്കാലത്തെ കണക്കിന് വിദ്യാധനയായിരുന്നുവെങ്കിലും ഞാൻ പാവപ്പെട്ടവനായിരുന്നു. അതിനാൽ മൗലവി സാഹിബ് മദ്റസയിൽ എനിക്ക് ജോലി നൽകി. 1899ൽ 8 രൂപ മാസ ശമ്പളത്തിൽ ഞാൻ പ്രൈമറിയിലെ രണ്ട് ക്ലാസ്സുകൾ പഠിപ്പിക്കുമായിരുന്നു. അക്കാലത്ത് ആറോ ഏഴോ ക്ലാസ് വരെയേ ഉണ്ടായിരുന്നുള്ളൂ. മിഡിലിലെ അവസാന ക്ലാസ്സുകൾ ഉണ്ടായിരുന്നില്ല. അധ്യാപകവൃത്തി ഞാൻ 1902 വരെ ചെയ്തു. അക്കാലത്ത് മൗലാനാ ശേർ അലി സാഹിബായിരുന്നു മദ്റസയിലെ ഹെഡ്മാസ്റ്റർ. ഞാൻ പ്രൈമറി വിദ്യാർത്ഥികളെ പഠിപ്പിക്കുകയും അഞ്ചുനേരവും ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ കൂടെ നമസ്കരിക്കുകയും ചെയ്യുമായിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബായിരുന്നു അപ്പോൾ ഇമാമായി നിന്നിരുന്നത്. അഞ്ച് നമസ്കാരത്തിലും ഹദ്റത്ത് സാഹിബിന്റെ സദസിലിരിക്കുമായിരുന്നു. വീട്ടിൽ നിന്നും വന്ന ശേഷം നമസ്കാരത്തിനു മുമ്പേ ഹദ്റത്ത് സാഹിബ് തന്റെ ഇൽഹാമുകളും കശ്ഫുകളും സ്വപ്നങ്ങളും വിവരിക്കുമായിരുന്നു. അതിൽ നിന്നും ഞാനും ആനന്ദം കൊള്ളുമായിരുന്നു. നമസ്കാര സമയം അവസരം കിട്ടിയാൽ ഞാൻ അദ്ദേഹത്തിന്റെ കാല്പാദങ്ങൾ തടവിക്കൊടുക്കുമായിരുന്നു. കുറച്ച് കാലം ഹദ്റത്ത് സാഹിബ് മഗ്രിബിന് ശേഷം പള്ളിയിൽ ഭക്ഷണം വരുത്തിക്കുമായിരുന്നു. ഞാനും അദ്ദേഹത്തിനും അതിഥികൾക്കും ഒപ്പം പള്ളിയിൽ വെച്ച് ഭക്ഷണം കഴിക്കുമായിരുന്നു. ഹദ്റത്ത് സാഹിബിന്റെ ശിഷ്ട ഭോജനവും മധുര പലഹാരങ്ങളും തബർറുക്കെന്ന നിലയിൽ രുചിക്കുമായിരുന്നു. മഗ്രിബ് നമസ്കാരാനന്തരം ഹദ്റത്ത് സാഹിബ് മസ്ജിദ് മുബാറക്കിലെ ശാഹ് നശീനിൽ ഇരിക്കുമായിരുന്നു. വൈവിധ്യങ്ങളായ ദൈവിക വചനങ്ങളും കശ്ഫുകളും സ്വപ്നങ്ങളും കേൾപ്പിക്കുമായിരുന്നു. മിസ്റ്റർ ഡോയി, ചിറാഗുദ്ദീൻ ജെമ്മു, മൗലവി കറംദീൻ ഓഫ് ഭീം തുടങ്ങിയവരെക്കുറിച്ചുള്ള ഇൽഹാമുകളും സ്വപ്നങ്ങളും വിവരിക്കുമായിരുന്നു. ഇക്കാര്യങ്ങളെല്ലാം പുസ്തകങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

മാസ്റ്റർ അബ്ദുൽ റഊഫ് സാഹിബിനെ കുറിച്ച് കൂടുതലായി അടിക്കുറിപ്പിൽ ഇങ്ങിനെ കൊടുത്തിട്ടുണ്ട്. ഇദ്ദേഹം സദർ അഞ്ചുമന് അഹ്മദിയായുടെ പെൻഷനറായിരുന്നു. തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂൾ ഖാദിയാനിലെ മുൻ ഹെഡ്ക്ലാർക്കാണിദ്ദേഹം.1899ലാണ് ഖാദിയാനിൽ വന്നത്. 1902 വരെ ഇവിടെ അധ്യാപകനായിരുന്നു. അതിനു ശേഷം റിവ്യൂ ഓഫ് റിലിജ്യൻസിന്റെ ഓഫീസിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1906 മുതൽ 1927 വരെ ഹൈസ്കൂളിലെ ഹെഡ്ക്ലാർക്കായിരുന്നു. ഇദ്ദേഹം പറയുന്നു, സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഉണ്ടായിരുന്ന കാലം മുതൽക്കേ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) യെ അംഗീകരിച്ചിരുന്നു.

മറ്റൊരു നിവേദനം ഉള്ളത് ഹദ്റത്ത് മൗലവി മുഹമ്മദ് അബ്ദുൽ അസീസ് സാഹിബിന്റെതാണ്. ഇദ്ദേഹം മൗലവി അബ്ദുല്ലാഹ് സാഹിബിന്റെ മകനാണ്. ഇദ്ദേഹം 1904 ൽ ആണ് ബയ്അത്ത് ചെയ്തത്. പറയുന്നു, ഞാൻ എന്റെ ബയ്അത്തിനെയും ഞാൻ ദൃക്സാക്ഷ്യം വഹിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംഭവങ്ങളെയും കുറിച്ച് പറയുന്നതിന് മുമ്പെ എന്റെ മർഹും പിതാവ് ജനാബ് മൗലാനാ മൗലവി അബ്ദുല്ലാഹ് സാഹിബ് മഗ്ഫൂർ സഹാബി ഹദ്റത്ത് മസീഹ് മൗഊദ് (അ) യെക്കുറിച്ച് പറയുന്നത് ആവശ്യമാണെന്ന് കരുതുന്നു. ഇദ്ദേഹത്തിന്റെ സംഭവങ്ങളും വളരെ ഹൃദയാവർജകമാണ്.

കാരണം ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) യെ പരീക്ഷിക്കുവാൻ ശ്രമിക്കുകയും പൂർണ്ണമായും തൃപ്തി കൈവരിച്ച ശേഷം മാത്രം ബയ്അത്തു ചെയ്യുകയുമുണ്ടായി. അദ്ദേഹവും ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ കയ്യിൽ ബയ്അത്ത് ചെയ്തയാളാണ്. അദ്ദേഹത്തിന്റെ നേരിട്ടുണ്ടായ ഒരുപാട് സംഭവങ്ങൾ ഉണ്ട്. അവയൊന്നും എവിടെയും എഴുതപ്പെട്ടിട്ടില്ല. അപ്പോഴേക്കും അദ്ദേഹം വിടപറഞ്ഞു. **അൽവലദു സിർറുൻ ലി അബീഹി** എന്ന് അറബിയിലും **വ ചീസേ കെ പിദർ തമാം ന കുനദ് പിസറഗ് തമാം കുനദ് റൂ ബയാനെ കർ മ ഹാലാത്ത്** എന്ന് പാർസിയിലും ചൊല്ലുണ്ട്. അതായത് പിതാവിന് ചെയ്യാൻ കഴിയാതെ പോയ കാര്യം മകൻ ചെയ്യുക.

എന്തായാലും എന്റെ വന്ദ്യ പിതാവ് മൗലവി മുഹമ്മദ് അബ്ദുല്ലാഹ് ഓഫ് ഗെഹ്മിം പോസ്റ്റ് ശറഖ്പൂർ ജില്ല ശേഖൂപൂര അഹ്ലെ ഹദീഥ് ചിന്താഗതിക്കാരനായിരുന്നു. സമുദായത്തിലെ വലിയ ലീഡറായിരുന്നു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയും മൗലവി നദീർ ഹുസൈൻ ദഹ്ലവിയും കൂടി അദ്ദേഹത്തെ അഞ്ചുമൻ അഹ്ലെ ഹദീഥിന്റെ ഡെപ്യൂട്ടി കമ്മീഷണറായി നിയോഗിച്ചിരുന്നു. ആ പ്രദേശത്ത് ഇദ്ദേഹം വലിയ ലീഡറായി ഗണിക്കപ്പെട്ടിരുന്നു. ഇവരുടെ പ്രാതിനിധ്യവും ഇദ്ദേഹം വഹിച്ചിരുന്നു. ഥേഗുലാംനബി ജില്ല ഗുരുദാസ്പൂരിലെ അഹ്ലെ ഹദീഥുകാർ ഇദ്ദേഹത്തെ ഖ്യാതി കാരണം തങ്ങളുടെ അടുക്കലേക്ക് വിളിക്കുകയുണ്ടായി. അവർ പറഞ്ഞു, ഇവിടെ അടുത്ത് ഒരു ഖാദിയാൻ എന്ന പ്രദേശത്ത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് എന്നൊരാളുണ്ട്. ഇദ്ദേഹം ഇൽഹാം ലഭിക്കുന്നുവെന്നു വാദിക്കുന്നയാളാണ്. അദ്ദേഹം ഒരാൺകുട്ടിയെക്കുറിച്ച് പ്രവചനം ചെയ്യുകയുണ്ടായി. അത് പൂർത്തിയായില്ല. മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള ഈ പ്രവചനത്തെക്കുറിച്ച് അനഹ്മദി മൗലവിമാർ ഇദ്ദേഹത്തോട് പറഞ്ഞു. പിന്നെ ആൺകുട്ടി ജനിക്കുകയും കുറച്ച് നാളുകൾക്ക് ശേഷം മരണമടയുകയും ചെയ്തു. നമുക്ക് അത്തരമൊരാളുടെ അടുക്കൽ പോയി സംവാദം നടത്താം. അവരുടെ കണക്ക് പ്രകാരം ഇൽഹാമും വഹ്‌യും ഒന്നും ഇനി സംഭവ്യമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രവചനങ്ങൾ നടത്തിയിട്ടുണ്ടായിരുന്നു. അവരിദ്ദേഹത്തെ വിളിച്ചു. സംവാദം നടത്താനായി പറഞ്ഞു. അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് യാതൊരു വാദവും ഉണ്ടായിരുന്നില്ല. ഇൽഹാമുകൾ ലഭിക്കുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നുവെന്ന് മാത്രം. ഹുസൂർ ബറാഹീനെ അഹ്മദിയ്യാ എഴുതുകയായിരുന്നു. ഈ നിവേദകന്റെ പിതാവ് ഖാദിയാനിൽ എത്തിച്ചേർന്നു. ഹുസൂറുമായി മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനത്തെക്കുറിച്ച് സംസാരമുണ്ടായി. അദ്ദേഹം ചോദിച്ചു, താങ്കളുടെ ഇൽഹാം ശരിയാണെങ്കിൽ ആൺകുട്ടിയെക്കുറിച്ചുള്ള പ്രവചനം എന്തുകൊണ്ടു പുലരുന്നില്ല. ആദ്യം പെൺകുട്ടി ജനിച്ചു. പിന്നീട് ആൺകുട്ടി ജനിച്ചുവെങ്കിലും പെട്ടെന്ന് തന്നെ മരണപ്പെടുകയുണ്ടായി. എന്താ പ്രവചനങ്ങൾ ഇങ്ങിനെയാണോ ഉണ്ടാവാറ്. നിവേദകൻ എഴുതുന്നു, എന്റെ പിതാവ് പറയുമായിരുന്നു അദ്ദേഹത്തോട് ഹദ്റത്ത് മസീഹ് മൗഊദ് ആരാഞ്ഞു, ഹദ്റത്ത് നബി കരീം (സ) ഹജ്ജിനെക്കുറിച്ച് വല്ല പ്രവചനവും നടത്തിയിരുന്നുവോ. മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ) യ്ക്ക് മറുപടി നൽകി. അതെ, നബി കരീം (സ) ഹജ്ജിനെക്കുറിച്ച് പ്രവചിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ചോദിച്ചു, അത് ആ വർഷം തന്നെ പൂർത്തിയാവുകയും ചെയ്തുവോ. ആ മഹാത്മാവ് ഹജ്ജ് ചെയ്താണോ തിരികെ വന്നത്. ഇതു കേട്ട നിവേദകന്റെ പിതാവ് പറഞ്ഞു, ആ വർഷം ഹജ്ജുണ്ടായിരുന്നില്ല. എന്നാൽ അതിനടുത്ത വർഷം എന്തായാലും ഹജ്ജ് നടന്നിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ഈ വർഷം തന്നെ ആൺകുഞ്ഞ് പിറക്കുമെന്ന് ഞാനെപ്പോഴാണ് പറഞ്ഞിട്ടുള്ളത്. ഇത് അല്ലാഹുവിന്റെ പ്രവചനമാണ്. ഇത് പൂർത്തിയാവുന്നതാണ്. തീർച്ചയായും പ്രവചന സാക്ഷാത്കാരം ഉണ്ടാവുന്നതാണ്. ഏത് വർഷം പൂർത്തിയായാലും ശരി. അതായത് കാലാവധി ഒരു വർഷം ആയിരുന്നില്ല. ഒരു നിശ്ചിത കാലയളവ് പറയപ്പെട്ടിരുന്നു. അങ്ങിനെ ആ സംഭാഷണം അവിടെ അവസാനിച്ചു. വേറെ ആക്ഷേപങ്ങളൊന്നും മൗലവി സാഹിബിൽ നിന്നും ഉണ്ടായില്ല. എന്നാൽ എന്താണ് ഈ പ്രവചനം പൂർത്തിയാകാത്തതെന്ന് അദ്ദേഹം ശഠിച്ചുകൊണ്ടേയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിനുശേഷം 22 മെയ് 1886 ൽ ഉള്ള വിജ്ഞാപനത്തിൽ കാലാവധി നിർണ്ണയിച്ചിരുന്നു. വാഗ്ദത്ത പുത്രൻ 9 വർഷക്കാലത്തിനുള്ളിൽ ജന്മം കൊള്ളുന്നതാണ്. അതിനു ശേഷം ഒരുപാട് വിജ്ഞാപനങ്ങളിലും ഇത് പരാമർശിക്കുകയുണ്ടായി. ഈ നിവേദകൻ സ്വയം തന്നെ ഈ പ്രവചനം പുലർന്നുവെന്നും മുസ്‌ലിഹ് മൗഊദ് ഭൂജാതനായി എന്നും എഴുതിയിട്ടുണ്ട്. ഇദ്ദേഹം തുടരുന്നു, എന്റെ പിതാവ് അറബി പാർസി ഭാഷാ ജ്ഞാനത്തിൽ അഗ്രഗണ്യനായിരുന്നു. അറബി ഗ്രാമറുകളിലും തർക്കശാസ്ത്രങ്ങളിലും ബദീഅ് ബയാൻ എന്നീ വിജ്ഞാന മേഖലകളിലും അദ്ദേഹം അതുല്യനായിരുന്നു. തന്റെ ജ്ഞാന ചിന്ത കാരണം ഈ ആത്മജ്ഞാനത്തിൽ നിന്നും ഉത്തരപ്രത്യുത്തരങ്ങളിൽ നിന്നും ഇദ്ദേഹത്തിന് പ്രയോജനമുൾക്കൊള്ളാനായില്ല. അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) മായുള്ള സംവാദത്തിൽ നിന്നും ഒരു പ്രയോജനവും നേടിയില്ല. സത്യമായ കാര്യമാണ്. **കുല്ലു അംറിൻ മർഹൂനുൻ ബി ഔഖാത്തിഹാ** അതായത് എല്ലാ കാര്യത്തിനും നിർണിത സമയമുണ്ട്. ആ സമയത്ത് അദ്ദേഹം ധിക്കരിക്കുന്നതിൽ ശഠിച്ചു നിന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്ക് കേൾക്കുകയുണ്ടായില്ല. ഹുസൂർ അദ്ദേഹത്തിന്റെ അറിവ് അളന്നറിയുകയുണ്ടായി. അദ്ദേഹത്തോട് സംസാരിച്ചതിൽ അദ്ദേഹം ജ്ഞാനിയാണെന്ന കാര്യം ഹ.മസീഹ് മൗഊദ്(അ) യ്ക്ക് പിടികിട്ടിയിരുന്നു, അദ്ദേഹം കാരുണ്യമെന്നോണം പറഞ്ഞു. മൗലവി സാഹിബ് ഞാൻ ശത്രുക്കളുടെ ആരോപണങ്ങൾക്കു മറുപടിയായി ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിൽ പതിനായിരം രൂപ പാരിതോഷികമുള്ള ഒരു വെല്ലുവിളിയും നടത്തിയിട്ടുണ്ട്. അടുത്തുതന്നെ അത് പ്രസിദ്ധീകരിക്കപ്പെടുന്നതാണ്. താങ്കൾ ഇവിടെ തങ്ങുകയും പ്രസിദ്ധീകരിക്കപ്പെടുന്നതിനു മുമ്പ് സംശോധന നടത്തുകയും ചെയ്യുകയാണെങ്കിൽ വളരേ നന്നായിരുന്നു. ഈ സേവനത്തിന് അർഹിക്കുന്ന പ്രതിഫലവും താങ്കൾക്കു ലഭിക്കുന്നതാണ്. എന്നാൽ പരിതാപകരമെന്ന് പറയട്ടെ അദ്ദേഹം അത് സ്വീകരിച്ചില്ല. വെറും കയ്യാൽ തിരിച്ചുപോയി.

ഈ വിയോജിപ്പ് പത്ത് പതിനാറ് വർഷം നീണ്ടുനിന്നു. എന്നാലും എപ്പോഴും അദ്ദേഹത്തിന്റെ പ്രകൃതത്തിൽ നന്മയുണ്ടായിരുന്നു. അതുപോലെത്തന്നെ ഭാഗ്യവുമുണ്ടായിരുന്നു. ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ)നെക്കുറിച്ച് അസഭ്യം പുലമ്പുകയോ നിന്ദയോടെ സ്മരിക്കുകയോ ചെയ്യുന്നതു കണ്ടാൽ അദ്ദേഹം തടങ്ങുകൊണ്ട് ഇങ്ങിനെ പറയുമായിരുന്നു. അല്ലാഹു നമ്മെ അവിശ്വാസികളുടെ ബിംബങ്ങളെ തെറിവിളിക്കുന്നതിൽ നിന്നും പോലും വിലക്കിയിട്ടുണ്ട്. ഇങ്ങിനെയുള്ള വേറെയും ഗുണങ്ങൾ അദ്ദേഹത്തിന്റെ പ്രകൃതത്തിലുണ്ടായിരുന്നു. അവ അദ്ദേഹത്തിന് ഹിദായത്ത് കിട്ടുവാൻ വഴിവെക്കുകയും ചെയ്തു. ഇങ്ങിനെ 1902 വരെ അദ്ദേഹം മൗനം ദീക്ഷിച്ചുകൊണ്ടിരുന്നു. പത്ത് പതിനാറ് വർഷം പിന്നിട്ടു. ഈ കാലയളവിൽ അദ്ദേഹം ഹ.മസീഹ് മൗഊദ്(അ) യുടെ ഗ്രന്ഥങ്ങളായ ജംഗെമുഖദ്ദസ് , ആയിനെ കമാലാത്തെ ഇസ്‌ലാം എന്നിവ വായിക്കുകയുണ്ടായി. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. ഒരുപാട് ശങ്കകൾ ദൂരീകരിക്കപ്പെട്ടു. മൗലവി സാഹിബിന്റെ ഉള്ളിൽ ഉദിച്ചു വന്നിരുന്ന അനേകം ചോദ്യങ്ങൾക്കുള്ള മറുപടി ഈ രണ്ടു ഗ്രന്ഥങ്ങളും നൽകിക്കഴിഞ്ഞിരുന്നു. എന്നാൽ വേറെ പല പുത്തൻ ആരോപണങ്ങളും അദ്ദേഹത്തിന്റെ മനസിൽ ഉടലെടുക്കുകയുണ്ടായി. അദ്ദേഹമങ്ങിനെ 21 ചോദ്യങ്ങൾ കുറിച്ചെടുത്തുകൊണ്ട് 1902 ൽ ഹ.മസീഹ് മൗഊദ്(അ) യുമായി സംവാദത്തിന്നായി ഖാദിയാനിലേക്ക് യാത്ര തിരിച്ചു. അദ്ദേഹം അവിടെ ആരോടും ഒന്നും ചോദിക്കാതെയും പറയാതെയും കണ്ട് നേരിട്ട് മസ്ജിദ് മുബാറക്കിൽ പോവുകയുണ്ടായി. അതിന്റെ കാരണം ഞാൻ പിന്നീട് പറയുന്നതാണ്. ഒരു നമസ്കാരസമയത്തെത്തിയ അദ്ദേഹം ജമാഅത്തോടുകൂടി നമസ്കരിച്ചു. ആരോടും ഒന്നും പറയാതിരിക്കാനുള്ള കാരണമിതായിരുന്നു. ആൾക്കാർ പറഞ്ഞു പ്രചരിപ്പിച്ചിട്ടുണ്ടായിരുന്നത് മിർസാ സാഹിബ് രണ്ട് ഏജന്റുമാരെ വച്ചിട്ടുണ്ട് എന്നായിരുന്നു. അവർ വരുന്ന അതിഥികളോട് എല്ലാ കാര്യവും തിരക്കുകയും എന്നിട്ട് അകത്ത് പോയി കാര്യങ്ങളെല്ലാം പറഞ്ഞുകൊടുക്കുകയും ചെയ്യുമായിരുന്നു. അക്കാലത്തെ പീറുകളുടെ അവസ്ഥ ഇത്തരത്തിലായിരുന്നു. മിർസാ സാഹിബിന്റെ മുറിയിലേക്ക് പ്രവേശിക്കുവാൻ ഒരുപാട് വാതിലുകളുണ്ട്. അവർ വിചിത്രങ്ങളായ കഥകളാണുണ്ടാക്കിയിരുന്നത്. വെവ്വേറെ ഉദ്ദേശ്യങ്ങൾക്കായി പ്രത്യേകം പ്രത്യേകം വാതിലുകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. മിർസാ സാഹിബ് തന്നെ കാണുവാൻ വന്ന അതിഥികളെക്കുറിച്ച് എല്ലാ വിവരവും അറിഞ്ഞതിനാൽ അവരോട് സ്വയം താങ്കളുടെ പേര് ഇന്നതല്ലേ, താങ്കൾ ഇന്ന സ്ഥലത്തു നിന്നും ഇന്ന കാര്യത്തിനായി വന്നതല്ലേ എന്നൊക്കെ ചോദിക്കും, തുടങ്ങിയവ. ഇതെല്ലാം കേൾക്കുന്ന അതിഥികൾക്ക് അദ്ദേഹത്തിൽ വിശ്വാസം വരുന്നതാണ്. ഇത്തരം കഥകളായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. ഇക്കാര്യങ്ങൾ ശ്രവിക്കുമ്പോൾ അതിഥികൾ ഇദ്ദേഹം തീർച്ചയായും വലിയുല്ലാഹ് ആണെന്നും ഇദ്ദേഹം സ്വയം ഇക്കാര്യങ്ങൾ ഗ്രഹിച്ചതാണെന്നും കരുതുവാൻ തുടങ്ങും. ഇത്തരം ചിന്തകളൊക്കെ ഹദ്റത്ത് മസീഹ് മൗഊദ്(അ)യെ കാണുവാൻ വന്നപ്പോൾ ഇദ്ദേഹത്തിന്റെ മനസിലുമുണ്ടായിരുന്നു. എന്നോട് ആരെങ്കിലും എന്തെങ്കിലും ചോദിക്കുന്ന പക്ഷം ഞാൻ ഒന്നും പറഞ്ഞു കൊടുക്കുന്നതല്ല എന്ന് അദ്ദേഹം തീരുമാനിക്കുകയും ചെയ്തിരുന്നു. അതുകാരണമാണ് ഒന്നും ചോദിക്കാതിരുന്നത്. പിന്നീട് ഇദ്ദേഹം തന്നെ ഇക്കാര്യങ്ങളൊക്കെ തെറ്റും എതിരാളികളുടെ കെട്ടുകഥയും ആണെന്ന് സ്വയം സമ്മതിക്കുന്നുണ്ട്. എന്തായാലും അത് നമസ്കാരസമയമായതിനാൽ ഇദ്ദേഹം ജമാഅത്തോടു കൂടി നമസ്കരിച്ചു. നമസ്കാരശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ശാഹ്നശീനിൽ ഉപവിഷ്ഠനായി. ഹുസൂർ സദസിന് അഭിമുഖമായി ഇരിക്കുകയായിരുന്നു. കണ്ടുമുട്ടിയ ഉടൻ മൗലവിസാഹിബ് അസ്സലാമലൈക്കും എന്നു പറഞ്ഞുകൊണ്ട് തഞ്ചത്തിൽ ആരും കാണാതെ ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ പാദങ്ങൾ തിരുമ്മുവാൻ തുടങ്ങി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, അല്ലാഹുവിന്റെ നബിമാരെ പരീക്ഷിക്കുന്നത് ശരിയല്ല. ഈ പാദം തിരുമ്മുന്നതിന്റെ ഉദ്ദേശ്യം മറ്റെന്തോ ആണെന്ന് അല്ലാഹു പെട്ടെന്ന് തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹൃദയത്തിൽ ഇട്ടുകൊടുക്കുകയായിരുന്നു. എന്തായാലും ഇത് ഒരു ദൃഷ്ടാന്തമായിരുന്നു. ഹുസൂറുമായുള്ള ആദ്യസംഗമത്തിൽ തന്നെ ഇത് കാണുമാറായി. മൗലവി സാഹിബിന് വിശ്വാസത്തിന്റെ ആത്മാവിനെ പ്രാപിക്കുവാൻ ഇത് സഹായകമായി എന്ന് തന്റെ പിതാവിനെക്കുറിച്ച് ഇദ്ദേഹം പറയുന്നു. എന്തായാലും അൽഹംദുലില്ലാഹ്. പിന്നീടെഴുതുന്നു. കാര്യമെന്തെന്നുവെച്ചാൽ മൗലവി സാഹിബ് പറയുമായിരുന്നു, ഞാൻ ഹദീഥിലെ ഒരു നിവേദനം വായിച്ചിരുന്നു. ഇമാം മഹ്ദിയുടെ സത്യസാക്ഷ്യത്തിനു ഒരു തെളിവായി വന്നിട്ടുള്ളത് അദ്ദേഹത്തിന്റെ പാദങ്ങൾ വടിവൊത്തതായിരിക്കില്ല മറിച്ച് പരന്നതായിരിക്കും. Flat footed ആയിരിക്കും എന്നു പറയാം. ഉപ്പൂറ്റിയിൽ കുഴിയധികം ഉണ്ടാവില്ല. അതോർത്തായിരുന്നു. അദ്ദേഹം ഹുസൂറിന്റെ പാദങ്ങൾ പിടിച്ചത്. തിരുമ്മുവാൻ വേണ്ടിയായിരുന്നില്ല. പ്രത്യുത കുഴിയുണ്ടോ എന്നറിയാനാണ് പിടിച്ചത്. അങ്ങിനെ രണ്ട് ദൃഷ്ടാന്തങ്ങൾ അദ്ദേഹം കാണുകയുണ്ടായി. ഹുസൂറിന്റെ പാദങ്ങളിൽ ഹ.നബി കരീം(സ) യുടെ പ്രസ്താവന പോലെ അധികം കുഴിയുണ്ടായിരുന്നില്ല. രണ്ടാമതായി ഹുസൂർ സ്വയം തന്നെ പറയുകയുണ്ടായി. അല്ലാഹുവിന്റെ നബിമാരെ പരീക്ഷിക്കുന്നത് ശരിയല്ല. എന്നാൽ ഒരുപാട് പേർ ഹുസൂറിന്റെ പാദങ്ങൾ തിരുമ്മുമായിരുന്നു. എന്നാലാരോടും തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുകയുണ്ടായിട്ടില്ല. അതായത് അല്ലാഹുവിന്റെ നബിമാരെ പരീക്ഷിക്കുന്നത് ശരിയല്ല. എങ്ങിനെയാണ് തിരുമ്മുന്നവൻ പരീക്ഷണാർത്ഥമാണ് തിരുമ്മുന്നതെന്ന് മനസിലാക്കുവാൻ സാധിച്ചത്. അത് സത്യത്തിൽ പരീക്ഷിക്കുവാൻ വേണ്ടി തന്നെ ആയിരുന്നു താനും. ഇത് അദ്ദേഹം തന്റെ കണ്ണുകൾ കൊണ്ട് കണ്ട സുവ്യക്ത ദൃഷ്ടാന്തമായിരുന്നു. അങ്ങിനെ ഈമാനിക ഉണർവ് അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ.

പിന്നീടെഴുതുന്നു. ഇതിനുശേഷം മൗലവി സാഹിബ് പറഞ്ഞു, ഹുസൂർ എന്റെ പക്കൽ കുറച്ചുചോദ്യങ്ങളുണ്ട്. ഉത്തരവുണ്ടെങ്കിൽ ചോദിക്കുന്നതാണ്. ഹുസൂർ അനുമതി നൽകി. മൗലവി സാഹിബ് ആദ്യത്തെ ചോദ്യം ചോദിച്ചു. മൗലവി

സാഹിബിന്റെയും ഹുസൂറിന്റെയും സംഭാഷണങ്ങൾ ക്രമാനുക്രമമായി ഇവിടെ എഴുതിച്ചേർത്തിരിക്കുകയാണ്.

മൗലവി സാഹിബ് ചോദിക്കുന്നു: ഹ. മുഹമ്മദ്(സ)യ്ക്ക് ഭക്ഷണം നൽകിയിരുന്ന ഒരു സ്ത്രീയുണ്ടായിരുന്നു. ഹദ്റത് ഉമ്മെ അയ്മൻ എന്നായിരുന്നു ഇവരുടെ പേര്. ഹുസൂർ(സ) ദിവസവും അല്ലെങ്കിൽ അധികപ്രാവശ്യവും തനിക്കുണ്ടാകുന്ന പുതിയ വഹ്‌യുകൾ അവരുടെയടുക്കൽ പോയി കേൾപ്പിക്കുമായിരുന്നു. അത് കേൾക്കുമ്പോൾ അവർ ആഹ്ലാദിക്കുമായിരുന്നു. ഏതുവരെയെന്നാൽ ഹുസൂർ(സ) വഫാത്താവുകയുണ്ടായി. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഒരു ദിവസം ആ മാതാവിനെ കാണുവാൻ പോവുകയുണ്ടായി. അതായത് ഹദ്റത് ഉമ്മെ അയ്മനിനെ കാണുവാൻ പോവുകയുണ്ടായി.ആ മാതാവ് കരയുവാൻ തുടങ്ങി. അദ്ദേഹം ചോദിച്ചു. നബി തങ്ങൾ(സ) വഫാത്തായതിനാലാണോ നിങ്ങൾ വിലപിക്കുന്നത്. ഇത് അല്ലാഹുവിന്റെ സുന്നത്താണ്. അതു പൂർത്തിയായിരിക്കുന്നു. ആ മാതാവ് പറഞ്ഞു. അല്ല മറിച്ച് ഞാൻ കരയുന്നതിന് കാരണം **ഇൻഖത്വഅത്തിൽ വഹ്‌യു** അതായത് ഇന്ന് വഹ്‌യ് മുറിഞ്ഞുപോയിരിക്കുന്നു. അങ്ങിനെ ആ മാതൃതുല്ല്യ വഹ്‌യ് മുറിഞ്ഞുപോയിരിക്കുന്നുവെന്ന് അംഗീകരിക്കുമ്പോൾ ഹദ്റത്ത് നബി തങ്ങൾ(സ)യ്ക്ക് ശേഷം വഹ്‌യുണ്ടെന്ന് നിങ്ങൾക്കെങ്ങിനെ വാദിക്കുവാനാകും. ഇതായിരുന്നു അദ്ദേഹം ഒരു വലിയ മുഖവുരയ്ക്കു ശേഷം ഉന്നയിച്ച ചോദ്യം. ഹദ്റത്ത് നബി(സ)യുടെ കാലത്ത് വഹ്‌യ് നിലച്ചിരുന്നെങ്കിൽ നിങ്ങൾ പറയുന്നതുപോലെ ഇപ്പോൾ എങ്ങിനെ വഹ്‌യുണ്ടാകും?

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറഞ്ഞു: "**കുന്‌ത്തും ഖൈറ ഉമ്മത്തിൻ** എന്നതിന്റെ അടിസ്ഥാനത്തിൽ താങ്കൾ ഈ ഉമ്മത്തിനെ ശ്രേഷ്ഠസമുദായമായി കണക്കാക്കുന്നില്ലേ? മൗലവി സാഹിബ് പറഞ്ഞു, അതെ ഞാൻ അംഗീകരിക്കുന്നു.

ഹദ്റത്ത് അഖ്ദസ് പറഞ്ഞു: اَوْحَيْتُ اِلَى الْحَوَارِيّٖنَ

وَاَوْحٰى رَبُّكَ اِلَى النَّحْلِ    وَاَوْحَيْنَآ اِلٰٓى اُمِّ مُوْسٰٓى

എന്ന ആയത്തുകളുടെ ആധാരത്തിൽ മസീഹിന്റെ ഹവാരികൾക്കും മൂസായുടെ മാതാവിനും തേനീച്ചകൾക്കും വഹ്‌യ് ലഭിച്ചിരുന്നു, അല്ലെങ്കിൽ ലഭിക്കുന്നുണ്ട് എന്ന് നിങ്ങൾ അംഗീകരിക്കുന്നുവോ?" മൗലവി സാഹിബ് പറഞ്ഞു. "തീർച്ചയായും ഉണ്ടായിരുന്നു, ഇപ്പോഴും ഉണ്ടാവുന്നുണ്ട്." തബ്‌ലീഗിന് ഉപകരിക്കുന്ന ഒരു നല്ല വാദമുറയാണിത്. ഹ.അഖ്ദസ് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. "എന്നാൽ ഈ ഉമ്മത്ത് മസീഹിന്റെ ഹവാരിമാർ, മൂസയുടെ സമുദായത്തിലെ സ്ത്രീകൾ, മൃഗങ്ങൾ എന്നിവയെക്കാളൊക്കെ അധ:പതിച്ചതാണോ? അവർക്കൊക്കെ വഹ്‌യുണ്ടായെങ്കിലും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യുടെ ഉമ്മത്തിന് വഹ്‌യുണ്ടാകുന്നില്ല." മൗലവി സാഹിബ് പറഞ്ഞു. ഈ വഹ്‌യുകളെ ക്കുറിച്ച് ഖുർആനിൽ വ്യക്തമായ പരാമർശങ്ങളുണ്ട്. എന്നാൽ മുഹമ്മദീ ഉമ്മത്തിൽ വഹ്‌യുണ്ടാകുമെന്ന് എവിടെയെങ്കിലും സൂചനയുണ്ടോ? ഹ.മസീഹ് മൗഊദ്(അ) അപ്പോൾ പറഞ്ഞു: "മുൻകഴിഞ്ഞ ഉമ്മത്തുകളിൽ വഹ്‌യുണ്ടായിരുന്നു എന്ന് താങ്കൾ സമ്മതിച്ചിരിക്കുകയാണ്. സൂറ:ഫാത്തിഹ ഇല്ലാതെ നമസ്കാരമില്ലെന്നും എല്ലാ റക്അത്തുകളിലും ഇത് പാരായണം ചെയ്യേണ്ടത് നിർബന്ധമാണെന്നും നിങ്ങൾക്ക് നല്ല ബോധ്യമുള്ള കാര്യമാണ്. അതിൽ പറഞ്ഞിരിക്കുന്നു. صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ

അല്ലാഹുവേ നീ അനുഗ്രഹിച്ചവരുടെ മാർഗം ഞങ്ങൾക്ക് കാട്ടിത്തരേണമേ, ആ അനുഗ്രഹങ്ങൾ ഞങ്ങൾക്കും ഏകീടണമേ. അവരിൽ വഹ്‌യുടെ അനുഗ്രഹം ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ട് താനും. അപ്പോൾ ഈ ദു:ആ പ്രകാരം ഈ ഉമ്മത്തിൽ എന്തുകൊണ്ട് വഹ്‌യുണ്ടാവുന്നതല്ല." ഹ.മസീഹ് മൗഊദ്(അ) പറഞ്ഞു: രണ്ടാമത്തെ കാര്യമിതാണ്.

اِنَّ الَّذِيْنَ قَالُوْا رَبُّنَا اللّٰهُ ثُمَّ اسْتَقَامُوْا
تَتَنَزَّلُ عَلَيْهِمُ الْمَلٰٓئِكَةُ اَلَّا تَخَافُوْا وَلَا
تَحْزَنُوْا وَاَبْشِرُوْا بِالْجَنَّةِ الَّتِيْ كُنْتُمْ
تُوْعَدُوْنَ ﴿٣١﴾

അതായത് ആരാണോ ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും അക്കാര്യത്തിൽ സ്ഥിരചിത്തത കാണിക്കുകയും ചെയ്യുന്നത്. ആരാണോ അടിപതറാതെ നിലകൊള്ളുന്നത് അവരിൽ അല്ലാഹു തആലയുടെ മലക്കുകൾ ഇറങ്ങുന്നതാണ്. അവർ പറയും. ഭയപ്പെടേണ്ട, ഭീതിയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തെക്കുറിച്ച് നിങ്ങൾക്ക് സുവാർത്തയിതാ". ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ആയത്തു പ്രകാരം മലക്കുകൾ മുഖാന്തിരമുള്ള വഹ്‌യ് ഇറങ്ങേണ്ടത് ആവശ്യമാണ്. ഉമ്മത്തിലെ വിശ്വാസികൾക്കും സ്ഥിരചിത്തർക്കും ഇത് അത്യാവശ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പറഞ്ഞു:

മൂന്നാമത്തെ കാര്യം

لَهُمُ الْبُشْرٰى فِى الْحَيٰوةِ الدُّنْيَا وَفِى الْاٰخِرَةِ

ശ്രേഷ്ഠസമുദായത്തിലെ വിശ്വാസികൾക്ക് ഇഹലോകത്തിലും പരലോകത്തിലും സുവാർത്തയുണ്ട്. ഈ സുവാർത്ത വഹ്‌യ് അല്ലെങ്കിൽ മറ്റെന്താണ്. ഈ വിഷയത്തെ അധികരിച്ച് സംവാദസമയത്ത് മറ്റനേകം ആയത്തുകളും വഹ്‌യ് ഇറങ്ങുന്നതിന് തെളിവായി ഹുസൂർ വിശദീകരിക്കുകയുണ്ടായി. മൗലവി സാഹിബ് പറഞ്ഞു: "ഈ ആയത്തുകൾ പ്രകാരം ഈ ഉമ്മത്തിനുവേണ്ടി വഹ്‌യ് ഇറങ്ങുമെന്നത് സത്യം തന്നെ"

വഹ്‌യ് ഇറങ്ങുമെന്ന് ഖുർആനിൽ പരാമർശമിരിക്കെ ഉമ്മെ ഐമൻ എന്തിനാണ് ഇൻഖത്വഅത്തിൽ വഹ്‌യ് എന്ന് പറഞ്ഞത്? അവർക്ക് പ്രസ്തുത ആയത്തുകളെക്കുറിച്ച് ജ്ഞാനമുണ്ടായിരുന്നില്ലേ.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറഞ്ഞു.

"മൗലവി സാഹിബ് **അൽ വഹ്‌യ്** എന്ന പദത്തിൽ **അലിഫ് ലാം** എന്തിനാണ് വന്നത് എന്ന് എനിക്ക് പറഞ്ഞു തരിക. നബിതങ്ങൾ (സ)യിൽ ഇറങ്ങികൊണ്ടിരുന്ന വഹ്‌യെ കുറിച്ചാണ് ഇവിടെ അലിഫ്‌ലാം സൂചിപ്പിക്കുന്നത്. അത്തരം വഹ്

യ്കളായിരുന്നു ഹുസൂർ ദിവസവും ആ മാതാവിന് കേൾപ്പിക്കാറുണ്ടായിരുന്നത്. ആയതിനാൽ നബി തങ്ങൾ(സ)യിൽ ഇറങ്ങി കൊണ്ടിരുന്ന ഖുർആനികവും ശരീഅത്തുപരവും ആയ വഹ്‌യ് തീർച്ചയായും നിലച്ച്കഴിഞ്ഞിരുന്നു. നിലച്ചു തന്നെയാണിരിക്കുന്നത്. ഇതിൽ നിന്നും എല്ലാതരത്തിലുള്ള വഹ്‌യ്കളും ഖിയാമത്ത്നാൾ വരേയ്ക്കും നിലച്ചുപോയെന്ന് എങ്ങിനെ സ്ഥാപിക്കുവാനാവും. ഖുർആനിക വചനങ്ങളിൽ സ്പഷ്ടമായ നിലയിൽ വഹ്‌യ് ഇറങ്ങികൊണ്ടിരിക്കുമെന്ന പരാമർശങ്ങൾ ഉണ്ട് താനും. മൗലവി സാഹിബ് ഇത് കേട്ട് നിശബ്ദനായി. വേറെ പുതിയ ചോദ്യങ്ങളൊന്നും ചോദിച്ചുമില്ല. 21 ചോദ്യങ്ങളിൽ ഒന്ന് ചോദിച്ചപ്പോൾ തന്നെ അദ്ദേഹത്തിൽ തൃപ്തി കൈവന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിന് ശേഷം ഒരു സുദീർഘവും ആശയയുക്തവും ആയ പ്രഭാഷണം നൽകുകയും ഈ വിഷയത്തിൽ ഒരുപാട് തെളിവുകൾ നിരത്തുകയും ചെയ്തു. മൗലവി സാഹിബ് കുറിച്ച് കൊണ്ടുവന്ന എല്ലാ ആരോപണങ്ങൾക്കും അങ്ങിനെ അതു വഴി മറുപടി ലഭിക്കുകയുണ്ടായി. മൗലവി സാഹിബ് മറ്റു ചോദ്യങ്ങളൊന്നും ചോദിച്ചിരുന്നില്ലെങ്കിലും ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രഭാഷണത്തിലൂടെ അവയ്ക്കൊക്കെ മറുപടി ലഭിക്കുകയുണ്ടായി. ചോദ്യങ്ങളോക്കെ അദ്ദേഹത്തിന്റെ കീശയിലായിരുന്നു. ഈ കൂടിക്കാഴ്ച്ചക്ക് മുമ്പായി ആരോടും തന്നെ അദ്ദേഹം ഈ ചോദ്യങ്ങളെകുറിച്ച് പറയുകപോലും ഉണ്ടായിട്ടില്ല. മൗലവി സാഹിബ് അദ്ഭുതപരതന്ത്രനായി. ഇദ്ദേഹത്തിന് വഹ്‌യ് ലഭിക്കുന്നില്ലായെങ്കിൽ എന്റെ കീശയിലുള്ള ചോദ്യങ്ങളെ കുറിച്ചുള്ള അറിവ് ആരാണിദ്ദേഹത്തിന് നൽകിയിരിക്കുക എന്ന് ചിന്തിക്കുവാൻ തുടങ്ങി. ഇങ്ങിനെ ചോദ്യങ്ങളൊക്കെ പരിഹരിക്കപ്പെട്ട കാരണത്താൽ അദ്ദേഹം അല്പം മൗനം അവലംബിച്ചു. എന്നിട്ട് പറഞ്ഞു. ഹുസൂർ കൈനീട്ടിയാലും; ഞാൻ അങ്ങയുടെ കയ്യിൽ ബയ്അത്ത് ചെയ്യുന്നതാണ്. അദ്ദേഹം അപ്പോൾ തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്ത് ചെയ്തു. അതിന് ശേഷം ഹുസൂറിന്റെ വ്യക്തിത്വത്തെക്കുറിച്ച് അദ്ദേഹത്തിന് ഒരിക്കലും ഒരാരോപണവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിശ്വാസത്തിലും പരമജ്ഞാനത്തിലും ദിനംപ്രതി പുരോഗതിയുണ്ടായികൊണ്ടിരുന്നു.

അതിന് ശേഷം ഒന്നാം ഖലീഫയുടെ ബയ്അത്തിലും അദ്ദേഹം ഒന്നും പറയാതെ തന്നെ പ്രവേശിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയിലും ബയ്അത്ത് ചെയ്യുകയുണ്ടായി. പിന്നീട് ഒരിക്കലും യാതൊരു സംശയവും അദ്ദേഹത്തിനുണ്ടായിട്ടില്ല. അൽഹംദുലില്ലാഹി അലാ ദാലിക്.

പിന്നീട് ഈ മകൻ എഴുതുന്നു. ഇദ്ദേഹം ബയ്അത്ത് ചെയ്ത് തിരിച്ച് വന്നു. ഇദ്ദേഹത്തിനെ പിൻപറ്റിയിരുന്ന ദു:ആ ശീലനായ ഇദ്ദേഹത്തിന്റെ പിതാവും അവിടത്തെ അധികപേരും ആദ്യം പറഞ്ഞിരുന്നത് മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദിന് ബയ്അത്ത് ചെയ്തെങ്കിൽ നാമെല്ലാവരും തന്നെ ജമാഅത്തിൽ ബയ്അത്ത് ചെയ്ത് പ്രവേശിക്കുന്നതാണ് എന്നായിരുന്നു. എന്നാൽ സംഭവിച്ചതെന്തായിരുന്നു. ഇദ്ദേഹം ബയ്അത്ത് ചെയ്തപ്പോൾ എല്ലാവരും ശത്രുക്കളായിമാറി. ഇവർ ഇദ്ദേഹത്തെ വധിക്കുവാൻ വരെ ആസൂത്രണം ചെയ്യുകയുണ്ടായി. എന്നാൽ വളരെയധികം സ്ഥൈര്യത്തോടും ദൃഢപാദങ്ങളോടുംകൂടി അവരെ നേരിട്ടു. സ്നേഹപൂർവ്വം തബ്‌ലീഗ് നടത്തികൊണ്ടിരുന്നു. ഏകദേശം 18 വർഷക്കാലം ഇദ്ദേഹം ഓണ്‌റേറി മുബല്ലിഗായിരുന്നു. ഇദ്ദേഹം മുഖാന്തിരം ഏകദേശം 300 ഓ 300 ൽ അധികമോ പേർ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി.

ഇതൊക്കെയായിരുന്നു നിവേദനങ്ങൾ. കുറച്ച് ആളുകളുടെ സംഭവങ്ങളാണ് ഇവിടെ വിവരിക്കപ്പെട്ടത്. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കയ്യിൽ ബയ്അത്ത് ചെയ്തുകൊണ്ട് ഈമാനിൽ പുരോഗമിക്കുകയും അല്ലാഹുവിന്റെ സത്തയെക്കുറിച്ചുള്ള ആത്മജ്ഞാനം അധികരിപ്പിക്കുകയും ചെയ്തു. നബി തങ്ങൾ(സ) യോടുള്ള പ്രേമാതിരേകങ്ങളുടെ പുതിയ വശങ്ങളും ഇവരുടെ മുമ്പിൽ തുറക്കപ്പെട്ടു. ഇങ്ങിനെ നബി തങ്ങൾ (സ) യോട് സ്നേഹാധിക്യമുള്ളതിനാൽ ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രേമിയോട് മറ്റെല്ലാ ഭൗതിക ബന്ധങ്ങളിലുള്ളതിനേക്കാളും അധികമായി പ്രതിപത്തതയും ആത്മാർത്ഥതയും സ്നേഹവും അവർക്ക് സ്ഥാപിക്കുവാൻ സാധിച്ചു.

അല്ലാഹു തഅല ഈ മഹാത്മാക്കളിൽ ആയിരമായിരം കാരുണ്യവും അനുഗ്രഹവും വർഷിക്കുമാറാകട്ടെ. നമ്മെയും കാലത്തിന്റെ ഇമാമിന് ബൈഅത്ത് ചെയ്തതിനാൽ നിക്ഷിപ്തമായ കടമകൾ നിറവേറ്റുന്നവരാക്കി തീർക്കട്ടെ. നാം നമ്മളിൽ സൽപരിവർത്തനങ്ങൾ ഉണ്ടാക്കുന്നവരായിത്തീരട്ടെ. ഇക്കാര്യത്തിൽ ബദ്ധശ്രദ്ധ ചെലുത്തുന്നവരാകട്ടെ.

ഞാനിവിടെ വരുന്ന സമയത്ത് ഒരു അതിദാരുണമായ റിപ്പോർട്ട് കിട്ടിയിരുന്നു. അതിന്റെ വിശദാംശങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല. കറാച്ചിയിൽ ജുമുആയ്ക്ക് ശേഷമാണ് സംഭവം നടന്നതെന്ന് തോന്നുന്നു.

കറാച്ചിയിലെ നാസിം ഉമൂറെ ത്വലബായും കുടുംബവും വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അദ്ദേഹം മോട്ടോർ സൈക്കിളിലും ബാക്കിയുള്ളവർ വണ്ടിയിലുമായിരുന്നു എന്നു തോന്നുന്നു. അവർക്ക് മേൽ ഫയറിംഗ് ഉണ്ടായി. ഈ ചെറുപ്പക്കാരൻ ശഹീദാവുകയുണ്ടായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

വണ്ടിയിലുണ്ടായിരുന്ന ഇദ്ദേഹത്തിന്റെ ബാക്കി ബന്ധുമിത്രാദികൾക്ക് പരിക്കേൽക്കുകയുണ്ടായി. അല്ലാഹു തഅല ശഹീദിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. വിശദവിവരങ്ങൾ ലഭിക്കുന്ന പക്ഷം എന്തായിരുന്നു സ്ഥിതിഗതികൾ എന്നു മനസിലാകുന്നതാണ്. ഈ പരിക്കേറ്റവരുടെ അവസ്ഥ കുഴപ്പമൊന്നുമില്ലെന്നും അപകടനില തരണം ചെയ്തുവെന്നുമാണ് കേൾക്കാൻ സാധിച്ചത്. എന്തായാലും അല്ലാഹു ഇവരെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കുവാനും പെട്ടെന്നു തന്നെ പൂർണാരോഗ്യം ലഭിക്കുവാനും ദു:ആ ചെയ്യുക.

ഗട്ടിയാലയിൽ നിന്നും ഇതുപോലെ ഒരു ശഹാദത്തിന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അല്ലാഹു തആല ഈ ശുഹദാക്കളുടെ പദവി ഉയർത്തുമാറാകട്ടെ. ഈ പരിക്കേറ്റവർക്ക് വേണ്ടിയും ദു:ആ ചെയ്യുക. പോരാതെ പാക്കിസ്ഥാനിൽ പൊതുവെയും ഇപ്പോഴുള്ള അവസ്ഥയ്ക്ക് ഒരുപാട് ദു:ആ ചെയ്യേണ്ടതുണ്ട്. അല്ലാഹു തആല എല്ലാ അഹ്മദികളേയും എല്ലാ ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ.

ഇതുകൂടാതെ ഞാൻ ഒരു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അത് ബഹുമാന്യ സയ്യിദാ അമത്തുർറഹ്മാൻ സാഹിബ

യുടെതാണ്. ഇവർ റബ്‌വയിലെ സയ്യിദ് അബ്ദുൽ ഗനി ശാഹ് സാഹിബ് മർഹൂമിന്റെ ഭാര്യയാണ്. ദീർഘകാലത്തെ രോഗാവസ്ഥയ്ക്ക് ശേഷം ഒക്ടോബർ 15 ന് ഇവർ ചരമം പ്രാപിക്കുകയുണ്ടായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ഇവർ ഖുറൈശി അബ്ദുർ റഹ്മാൻ സാഹിബ് സഹാബി ഹദ്റത്ത് മസീഹ് മൗഊദ്(അ) യുടെ പുത്രിയായിരുന്നു. വളരെ നന്മ നിറഞ്ഞവരും നമസ്കാര വ്രതാദികളിൽ നിഷ്ഠ കാണിക്കുന്നവരും കഴിവിനപ്പുറം ധനത്യാഗങ്ങളിൽ പങ്കെടുക്കുന്നവരും എല്ലാവരുമായും നല്ല നിലയിൽ ഇടപഴകുന്നവരും അതിഥിസൽക്കാരപ്രിയയും ആയിരുന്നു. സൗമ്യപ്രകൃതയും ലളിതജീവിതം നയിക്കുന്നവരുമായിരുന്നു. പാകിസ്താനിൽ ജലസയുണ്ടായിരുന്ന കാലത്ത് അമ്പതോളം അതിഥികൾ ഇവരുടെ വീട്ടിലുണ്ടാകുമായിരുന്നു. ലങ്കർഖാനയിൽ നിന്നുള്ളത് കൂടാതെ എല്ലാവർക്കും വേണ്ടി പ്രത്യേകം ഭക്ഷണവും ഇവർ ഒരുക്കിയിരുന്നു. സദാസമയവും ചായ തയ്യാറാക്കുമായിരുന്നു.

ദരിദ്രപെൺകുട്ടികളുടെ കല്ല്യാണവേളയിൽ ദാരിദ്ര്യം നിമിത്തം സ്വർണാഭരണങ്ങൾ ഇടാത്തതു കണ്ടാൽ സ്വന്തം ആഭരണങ്ങൾ ഊരിക്കൊടുക്കുമായിരുന്നു. അങ്ങിനെ അവരുടെ ആഭരണങ്ങൾ പതിയെ പതിയെ തീരുകയുണ്ടായി. മക്കളെ എല്ലാഴ്പ്പോഴും ജമാഅത്തിനെ സേവിക്കുവാൻ ഉണർത്തുമായിരുന്നു, അതിന്റെ ഫലമായിത്തന്നെ മക്കൾ ജമാഅത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. മൂസിയ ആയിരുന്നു. 1953ൽ വസിയ്യത്തിൽ ഭാഗവാക്കുകയുണ്ടായി. ഇവരുടെ രണ്ട് ആൺമക്കൾ വഖ്ഫെ സിന്ദഗിയാണ്. ഒന്ന് വഖ്ഫെ ജദീദിലെ മുഅല്ലിമാണ്. മറ്റൊന്ന് അബ്ദുല്ലാഹ് നദീം സാഹിബാണ്. ഇദ്ദേഹം ആദ്യം സ്പെയിനിലായിരുന്നു. ഇപ്പോൾ ചിലിയിലാണ്. ജനാസയിൽ അദ്ദേഹത്തിന് പങ്കെടുക്കുവാനായില്ല. അല്ലാഹുതആല ഇവർക്കേവർക്കും ക്ഷമയും ധൈര്യവും പകരുമാറാകട്ടെ. ഇവരുടെ നന്മയെ തുടർന്നുകൊണ്ടുപോകുന്നവരാകട്ടെ. ഇവരുടെ ഒരു പൗത്രനും മുറബ്ബിയാണ്. റബ്‌വയിൽ നസാറത്ത് ഇശാഅത്തിൽ ആണ് സേവനമനുഷ്ഠിക്കുന്നത്. അപ്രകാരം തന്നെ ഇവരുടെ ജാമാതാവ് മുനീർ ജാവേദ് സാഹിബ് ഇവിടെ പ്രൈവറ്റ് സെക്രട്ടറിയാണ്. അങ്ങിനെ ഇവരുടെ വീട്ടിൽ നാലുപേർ വഖ്ഫെ സിന്ദഗികളാണ്. അല്ലാഹു തആല ഇവർക്ക് തങ്ങളുടെ മക്കളെക്കുറിച്ചുണ്ടായിരുന്ന ആഗ്രഹങ്ങൾ പൂർത്തികരിച്ചുകൊടുക്കുമാറാകട്ടെ. മക്കളെ നന്മയിൽ മുന്നേറുന്നവരാക്കട്ടെ. ബാക്കിയുള്ള എല്ലാ കുട്ടികൾക്കും ധൈര്യവും സ്ഥൈര്യവും നൽകുമാറാകട്ടെ.

**PRINTED BOOKS**

**To**


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 October 19 at : Baitul Futuh London
Translation: Amnas P.K Kadalayi Mob: 9915573835

Typing: M.P.Tahir Ahmad & Nasarudheen.A.T
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**